# ഭദ്രദീപ

## ഭദ്രാവതി രൂപതാബുള്ളറ്റിൻ

Vol. 14, No. 1 March, 2020

Edited & Published by Fr. Sajeesh Mathew Thrikkodanmalil
Bodhana Pastoral Centre, P. B. No. 26,
Bhadravathi-577301, Karnataka
Ph. +919480544440, +91 9483901010
Email; diocese@bhadravathidiocese.org
Website; www.bhadravathidiocese.org

Printed at : Matha Printers, Bangalore
9886809060

*for private circulation only*

# ഉള്ളടക്കം


സർക്കുലർ ..........5

സിനഡ് അനന്തര സർക്കുലർ .......... 10

Final Statement of the 34th CBCI Plenary Meeting .......... 17

രൂപതാകച്ചേരി വാർത്തകൾ.......... 24

മതബോധന – ബൈബിൾ കമ്മീഷൻ .......... 29

ചെറുപുഷ്പ മിഷൻലീഗ് .......... 32

യുവജന പ്രേഷിതത്വം.......... 33

സീറോ മലബാർ മാതൃവേദി .......... 35

മലനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി .......... 41

Bishop's Diary.......... 44

Bishop's Programme.......... 48

Kannada Section.......... 49

# സർക്കുലർ

ഈശോമിശിഹായിൽ പ്രിയ സഹോദരി സഹോദരന്മാരെ,

മാനസാന്തരത്തിനും, ജീവിത നവീകരണത്തിനുമുള്ള ആഹ്വാനം നൽകുന്ന വലിയ നോമ്പുകാലത്തേക്ക് ഒരിക്കൽ കൂടി നാം പ്രവേശിച്ചിരിക്കുകയാണല്ലോ? പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപ്പാപ്പ തന്റെ നോമ്പുകാല സന്ദേശത്തിൽ നമ്മെ അനുസ്മരിപ്പിക്കുന്നതുപോലെ, ആത്മീയവളർച്ചയും ജീവിത നവീകരണവും നേടിക്കൊണ്ട്, ഉത്ഥിതനായ ഈശോയോടു ചേർന്ന് പുതിയ ജീവിതം നയിക്കുന്നതിന് നമ്മെ സഹായിക്കാൻ, സഭയൊരുക്കുന്ന ഏറ്റവും നല്ല അവസരമാണ് നോമ്പുകാലം. ലോക പാപങ്ങളുടെ പരിഹാരമായ മിശിഹായുടെ സഹനജീവിതത്തോടു യോജിച്ചുകൊണ്ട് ആത്മവിശുദ്ധീകരണത്തിനായിയത്നിക്കുവാൻ നോമ്പുകാല ആരാധനാക്രമം നമ്മെ ആഹ്വാനം ചെയ്യുന്നു. യഥാർത്ഥമായ പ്രാർത്ഥനാ ചൈതന്യവും, ആത്മപരിത്യാഗവും, സഹോദരസ്നേഹവും പുലർത്തിക്കൊണ്ടുവേണം നോമ്പുകാലം ഫലദായകമാക്കുവാനെന്ന് നമ്മുടെ കുർബാനയിലെ പ്രാർത്ഥനയും നമ്മെ അനുസ്മരിപ്പിക്കുന്നു. പ്രാർത്ഥനയുടെയും, ഉപവാസത്തിന്റെയും, ദാനധർമ്മത്തിന്റെയും മാർഗ്ഗത്തിലൂടെ ഈ നോമ്പുകാലം നമുക്ക് ഏവർക്കും യഥാർത്ഥ മാനസാന്തരത്തിനും, ആത്മീയ വളർച്ചയ്ക്കും ഉപകരിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും, ആശംസിക്കുകയും ചെയ്യുന്നു.

ഈശോ തന്റെ പരസ്യ ജീവിതത്തിനു മുൻപ് 40 ദിനരാത്രങ്ങൾ ഉപവസിച്ച് പ്രാർത്ഥിച്ചതായി സുവിശേഷങ്ങളിൽ നാം വായിക്കുന്നു. ഈശോയുടെ മരുഭൂമിയിലെ ഉപവാസമാണ് നമ്മെ സംബന്ധിച്ചിടത്തോളം വലിയ നോമ്പിന്റെ അടിസ്ഥാന പ്രചോദനവും, മാതൃകയും. മരുഭൂമിയിൽ ഈശോ പരീക്ഷണങ്ങൾക്ക് വിധേയനാകുന്നുണ്ട്. സഹനത്തിന്റെ പാതയിൽ നിന്നും മാറി, ലൗകീകസുഖത്തിന്റെയും, അധികാരത്തിന്റെയും, പ്രശസ്തിയുടെയും വഴിതേടാനുള്ള പ്രലോഭനമാണ് അവിടുത്തേയ്ക്ക് അനുഭവപ്പെട്ടത്. പ്രാർത്ഥനയുടെയും, ഉപവാസ

ത്തിന്റെയും ബലത്തിൽ അവിടുന്ന് പ്രലോഭനങ്ങളെ നേരിടുന്നു, സാത്താനെ പരാജയപ്പെടുത്തുന്നു. പ്രലോഭകനെ ആത്മാവിന്റെ ശക്തിയാൽ വിജയിക്കുന്ന ഈശോയുടെ മാതൃക നമുക്കും പ്രചോദനമാകണം. നസ്രസ്സിലെ ഈശോയെ അനുകരിച്ച്, ഉപവാസത്തിന്റെയും, പ്രാർത്ഥനയുടെയും, പരിഹാരത്തിന്റെയും മാർഗ്ഗത്തിലൂടെ നോമ്പുകാലം നമുക്ക് ഫലദായകമാക്കാം. ആത്മാവിനാലും, വചനത്താലും നിറഞ്ഞവരായി ദൈവത്തിൽ നിന്നും, സഭാകൂട്ടായ്മയിൽ നിന്നും നമ്മെ അകറ്റുന്ന എല്ലാ പ്രലോഭനങ്ങളേയും നമുക്ക് അതിജീവിക്കാം.

ദൈവത്തിന്റെ ദാനമാണ് നമ്മുടെ ഈ ജീവിതം. ദൈവീക ദാനമായ ഈ ജീവിതം, ദൈവഹിതപ്രകാരം മുമ്പോട്ടുനയിക്കണമന്നാണ് അവിടുന്ന് ആഗ്രഹിക്കുക. പക്ഷെ, ആദിമാതാപിതാക്കളെപ്പോലെ ദൈവത്തെ മറന്ന്, സ്വന്തം ഇഷ്ടങ്ങൾക്കും, താൽപ്പര്യങ്ങൾക്കും അനുസരിച്ച് ജീവിക്കുവനുള്ള പ്രലോഭനങ്ങൾക്ക് നാം പലപ്പോഴും അടിപ്പെടുന്നു, ദൈവത്തിൽനിന്നും, സഹോദരങ്ങളിൽ നിന്നും അകലുന്നു. നമ്മിലേയ്ക്കുതന്നെ തിരിഞ്ഞുനോക്കുവാനും, നമുക്കും ദൈവത്തിനും ഇടയിലും, നമുക്കും സഹോദരങ്ങൾക്കുമിടയിലും തടസ്സമായിനിലിക്കുന്നവയെല്ലാം തിരിച്ചറിഞ്ഞ് അവയെ പരിഹരിച്ച് മുന്നോട്ടുപോകുവാനും നോമ്പുകാലം നമ്മെ സഹായിക്കണം. വ്യക്തികളിലും, സമൂഹത്തിലും രൂഢമൂലമായിരിക്കുന്ന തിന്മകൾക്കെതിരായുള്ള പോരാട്ടമായാണ് ബെനെഡിക്റ്റ് പതിനാറാമൻ മാർപ്പാപ്പ നോമ്പിനെ വിശേഷിപ്പിക്കുന്നത്. ക്രൈസ്തവ ജീവിതം ഈശോയോടൊത്തുള്ള അവസാനിക്കാത്ത ആത്മീയസമരമാണ്. തിന്മയുടെ എല്ലാ ശക്തികൾക്കെതിരേയും പ്രാർത്ഥന, ഉപവാസം, പ്രായശ്ചിത്തം എന്നീ ആത്മീയ ആയുധങ്ങൾ ഉപയോഗിച്ചുള്ള പോരാട്ടം.

പശ്ചാത്താപത്തിലേയ്ക്കും, മാനസാന്തരത്തിലേയ്ക്കുമുള്ള വിളിയാണ് നോമ്പുകാലം നമ്മുടെ മുമ്പിൽ വയ്ക്കുക. അനുസരണക്കേടും, അവിശ്വസ്ഥതയും മൂലം ദൈവത്തിൽനിന്നകന്നുപോയ ഇസ്രായേലിന് തന്റെ പക്കലേയ്ക്ക് മടങ്ങി വരുവാൻ പ്രവാചകന്മാരിലൂടെ ദൈവം നൽകുന്ന ക്ഷണം നമുക്കും ഹൃദയത്തിലേയ്ക്ക് സ്വീകരിക്കാം.

'ഇസ്രായേൽ, നിന്റെ ദൈവമായ കർത്താവിങ്കലേയ്ക്ക് തിരികെ വരിക. നിന്റെ അകൃത്യങ്ങൾ മൂലമാണ് നിനക്ക് കാലിടറിയത്. കുറ്റം ഏറ്റുപറഞ്ഞ് കർത്താവിന്റെ അടുക്കലേയ്ക്ക് തിരിച്ചുവരിക.'' (ഹോസിയ 14:1). ജോയേൽ പ്രവാചകനിലൂടെ കർത്താവ് അരുളിച്ചെയ്യുന്നു: 'ഇപ്പോഴെങ്കിലും ഉപവാസത്തോടും, വിലാപത്തോടും, നെടുവീർപ്പോടും കൂടെ നിങ്ങൾ പൂർണ്ണ ഹൃദയത്തോടെ എന്റെ അടുക്കലേയ്ക്ക് തിരിച്ചു വരുവിൻ. നിങ്ങളുടെ ഹൃദയമാണ്, വസ്ത്രമല്ല കീറേണ്ടത്, നിങ്ങളുടെ ദൈവമായ കർത്താവിങ്കലേയ്ക്ക് മടങ്ങുവിൻ. എന്തെന്നാൽ, അവിടുന്ന് ഉദാരമതിയും കാരുണ്യവാനും ക്ഷമാശീലനും സ്നേഹ സമ്പന്നനുമാണ്' (ജോയേൽ 2:12–13).

നമ്മുടെ നോമ്പാചരണം അർത്ഥപൂർണ്ണമാക്കുന്നതിനും, പൂർണ്ണ ഹൃദയത്തോടെ ദൈവത്തിന്റെ പക്കലേയ്ക്ക് മടങ്ങിവരുന്നതിനും ഉപകരിക്കുന്ന ഏതാനും ചില നിർദ്ദേശങ്ങൾ താഴെ കുറിക്കട്ടെ:

**പ്രാർത്ഥന:** തന്റെ ജീവിതത്തിലുടനീളം ദൈവപിതാവിനോടുള്ള നിരന്തര സംഭാഷണത്തിലായിരുന്ന ഈശോയാണ് പ്രാർത്ഥനാ ജീവിതത്തിൽ നമ്മുടെ മാതൃക. ദൈവത്തോടടുക്കുന്നതിനും, അവിടുന്നുമായുള്ള ബന്ധത്തിൽ നിലനിൽക്കുന്നതിനും പ്രാർത്ഥനയിലൂടെ മാത്രമേ കഴിയൂ. ''പ്രാർത്ഥനയില്ലാതെ ആത്മീയ ജീവിതം അസാധ്യമാണ്'' എന്ന വി. ക്രിസോസ്റ്റോമിന്റെ വാക്കുകളും, ''പ്രാർത്ഥനയുടെ ഫലമാണ് വിശുദ്ധി'' എന്ന വി. മദർ തെരേസായുടെ വാക്കുകളും നമുക്ക് ഓർമ്മിക്കാം. വ്യക്തിപരമായ പ്രാർത്ഥനാ ജീവിതത്തിൽ ഈ നോമ്പുകാലത്ത് നമുക്ക് ആഴപ്പെടാം. ഒപ്പം, കുടുംബാംഗങ്ങൾ ഒരുമിച്ചുകൂടി സന്ധ്യാപ്രാർത്ഥന നടത്തുന്ന നമ്മുടെ നല്ല പതിവ് നമുക്ക് തുടരാം; ഏതെങ്കിലും ഭവനത്തിൽ ഈ പാരമ്പര്യത്തിന് ഭംഗം വന്നിട്ടുണ്ടെങ്കിൽ അത് തിരികെക്കൊണ്ടുവരുന്നതിനുള്ള അവസരമാക്കി ഈ നോമ്പുകാലത്തെ മാറ്റാം.

**ദൈവവചനം:** ദൈവവചനം വായിക്കുന്നതിനും, ധ്യാനിക്കുന്നതിനും ഈ നോമ്പുകാലത്ത് നമുക്ക് പ്രത്യേക പ്രാധാന്യം നൽകാം. നമ്മെ പുതു സൃഷ്ടികളാക്കുന്നതിന്ന് ഏറ്റവും കൂടുതൽ സഹായിക്കുക

സജീവവും, ഊർജ്ജസ്വലവുമായ ദൈവത്തിന്റെ വചനമാണ്. വ്യക്തി പരമായും, ഒപ്പം കുടുംബ പ്രാർത്ഥനാ വേളകളിലും ദൈവവചനം വായിക്കുന്നതിനും, ധ്യാനിക്കുന്നതിനും നമുക്ക് കഴിയട്ടെ. നമ്മുടെ എല്ലാ ഇടവകകളിലും നോമ്പുകാല ധ്യാനങ്ങൾ സംഘടിപ്പിക്കണമെന്നും, പ്രസ് തുത ധ്യാനങ്ങളിൽ എല്ലാവരും കുടുംബാംഗങ്ങളോടൊത്ത് പങ്കുചേ രണമെന്നും സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

**കൂദാശകൾ:** ദൈവീക ജീവനിൽ നമ്മെ വളർത്തുന്ന മറ്റൊരു പ്രാധാന സ്രോതസ്സാണ് വിശുദ്ധ കൂദാശകൾ. ഈ നോമ്പുകാലത്ത് പ്രത്യേകിച്ച് വിശുദ്ധ കുർബാനയോടും, വിശുദ്ധ കുമ്പസാരത്തോടും ചേർന്ന് നിൽക്കാൻ നമുക്കു പരിശ്രമിക്കാം. സാധിക്കുന്നിടത്തോളം, ഇടദിവസ ങ്ങളിലും വി. കുർബാനയിൽ പങ്കുകൊള്ളുവാൻ ആത്മാർത്ഥമായ ശ്രമം ഉണ്ടാകണം. അതുപോലെതന്നെ, കുമ്പസാരമെന്ന കൂദാശ കൂടുതൽ ഒരുക്കത്തോടെ സ്വീകരിച്ച് അതിന്റെ അനന്ത കൃപകൾ സ്വന്തമാക്കുവാൻ എല്ലാവർക്കും സാധിക്കട്ടെ.


**അനുരഞ്ജനം:** മാനസാന്തരത്തിന്റെയും, ആത്മപരിത്യാഗത്തി ന്റേതുമായ ഈക്കാലം അനുരഞ്ജനത്തിന്റെ അവസരം കൂടിയാണ്. അതുകൊണ്ട് നമുക്ക് രമ്യതയിലാകാം, ദൈവത്തോടും സഹോദരങ്ങളോടും. നമ്മുടെയിടയിൽ, വ്യക്തികൾ തമ്മിലും, കുടുംബങ്ങൾ തമ്മിലുമുള്ള വൈരാഗ്യം, ശത്രുത ഇവ പറഞ്ഞ് തീർക്കാനും, പരസ്പരം ക്ഷമ ചോദിക്കാനും, അങ്ങനെ അനുരഞ്ജ നത്തിന്റെ അനുഗ്രഹം പ്രാപിക്കനും ഈ നോമ്പുകാലം എല്ലാവരും ഉപയോഗപ്പെടുത്തണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

**പരിത്യാഗം:** ആത്മനിയന്ത്രണത്തിന്റെയും, പരിഹാരത്തിന്റെയും വഴികളിലൂടെ നടക്കാനുള്ള സവിശേഷാവസരമാണ് നോമ്പുകാലം. പരമ്പരാഗതമായി നാം അനുഷ്ടിക്കുന്ന ഭക്ഷണപാനീയങ്ങളിലുള്ള നിയന്ത്രണത്തോടൊപ്പം, പാകം ചെയ്ത ഭക്ഷണസാധനങ്ങൾ മിച്ചം വരുത്തി നഷ്ടമാക്കാതിരിക്കുന്നതിനും നാം പ്രത്യേക ശ്രദ്ധവയ്ക്കണം. പുകവലി, മദ്യപാനം, ലഹരിപദാർത്ഥങ്ങളുടെ ഉപയോഗം എന്നിവ ഉപേക്ഷിച്ചും, ഇന്റർനെറ്റിന്റെയും, സോഷ്യൽ മീഡിയകളുടെയും

പ്രത്യേകിച്ച്, വാട്സാപ്പ്, ഫേസ്ബുക്ക് തുടങ്ങിയവയുടെ ഉപയോഗം നിയന്ത്രിച്ചും നമുക്ക് നോമ്പിന്റെ യഥാർത്ഥ ചൈതന്യം ഉൾക്കൊള്ളാം. എല്ലാ രീതിയിലുമുള്ള ധൂർത്തും, ആഡംബര ഭ്രമവും ഒഴിവാക്കാൻ നമുക്ക് കഴിയട്ടെ. വ്യക്തി ജീവിതത്തിലും, കുടുംബത്തിലും പരിസരങ്ങളിലും വൃത്തിയും, ശുചിത്വവും പാലിക്കുന്നതിനും, പ്രകൃതിയെ ഒരുരീതിയിലും മലിനമാക്കാതിരിക്കുന്നതിനും നമുക്ക് ശ്രദ്ധിക്കാം.

ഈശോയിൽ പ്രിയ സഹോദരങ്ങളെ, ഈ നോമ്പുകാലം ഏറ്റം ഫലപ്രദമായി ചിലവഴിക്കുവാൻ നമുക്കോരോരുത്തർക്കും സാധിക്കട്ടെ. പ്രാർത്ഥനയും, ഉപവാസവും വഴി നമ്മുടെ ആത്മാക്കളെ പവിത്രീകരിച്ച്, ഹൃദയങ്ങളെ ദൈവത്തിങ്കലേയ്ക്ക് ഉയർത്താൻ നമുക്ക് കഴിയട്ടെ. പരിത്യാഗകൃത്യങ്ങൾ വഴി നമ്മുടെ ശരീരത്തിന്റെ ദുരാശകളെ ആത്മാവിനുവിധേയമാക്കുവാനും, ഹൃദയങ്ങളെ അനുതാപവും, വിനയവുമുള്ളതാക്കുവാനും നമ്മുക്ക് കഴിയട്ടെ. യഥാർത്ഥമായ മാനസാന്തരത്തിലൂടെ ദൈവവുമായും, നമ്മുടെ സഹോദരങ്ങളുമായും അനുരഞ്ജനത്തിൽ വളരുവാനും, അങ്ങനെ, ആത്മാവിൽ നവീകരിക്കപ്പെട്ട് പുതിയ മനുഷ്യരായി ഉത്ഥിതന്റെ സന്തോഷത്തിൽ പങ്കുചേരുവാനും നമ്മുക്ക് സാധിക്കട്ടെ! ഏവർക്കും ഏറ്റം ഫലപ്രദവും, അനുഗൃഹീതവുമായ നോമ്പുകാലം നേർന്നുകൊണ്ട്,

ഈശോയിൽസ്നേഹപൂർവ്വം,



**മാർ ജോസഫ് അരുമച്ചാടത്ത്**
ഭദ്രാവതിരൂപതയുടെ മെത്രാൻ

## സിനഡ് അനന്തര സർക്കുലർ

*സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്ന സർക്കുലർ*

മിശിഹായിൽ പ്രിയ സഹോദരി സഹോദരന്മാരേ,

സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയുടെ 28–ാമതു സിനഡ് സഭയുടെ ആസ്ഥാന കാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ജനുവരി 10 മുതൽ 15 വരെ നടന്ന വിവരം നിങ്ങൾക്കറിയാമല്ലോ. തീക്ഷ്ണമായ പ്രാർത്ഥനയിലൂടെയും പരിത്യാഗത്തിലൂടെയും സിനഡിന്റെ വിജയത്തിനായി സഹായിച്ച എല്ലാവരെയും ഞാൻ നന്ദിയോടെ ഓർമ്മിക്കുന്നു. മൂന്നു ദിവസം നീണ്ട ഒരുക്ക ധ്യാനത്തിനു ശേഷമാണ് പിതാക്കന്മാർ സിനഡിലേയ്ക്ക് പ്രവേശിച്ചത്. സിനഡിന്റെ പ്രാരംഭത്തിൽ ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതി ആർച്ചുബിഷപ്പ് ജാൻബത്തീസ്ത ദി ക്വാത്രോ സിനഡിനെ അഭിസംബോധന ചെയ്തു സംസാരിച്ചു. നമ്മുടെ സഭയിലെ 64 മെത്രാന്മാരിൽ 57 പേർ സിനഡിൽ സംബന്ധിച്ചു. സഭയെയും നമ്മുടെ നാടിനെയും സംബന്ധിക്കുന്ന ഒട്ടനവധി വിഷയങ്ങളിൽ സിനഡ് ക്രിയാത്മകമായ ചർച്ചകൾ നടത്തി തീരുമാനങ്ങൾ എടുക്കുകയുണ്ടായി.

### 1. കാർഷികരംഗം

കേരളത്തിലെ കാർഷികരംഗം ഗുരുതരമായ പ്രതിസന്ധികളിലൂടെയാണ് കടന്നു പോകുന്നത്. കാർഷികോൽപന്നങ്ങളുടെ വിലത്തകർച്ച മൂലം കർഷക കുടുംബങ്ങൾ ഉപജീവനത്തിന് വകയില്ലാതെ ഉഴലുകയാണ്. തുടർച്ചയായുണ്ടായ രണ്ട് പ്രളയങ്ങൾ കേരളത്തിലെ കർഷകരെ ദുരിതക്കയത്തിൽ ആഴ്ത്തിയിരിക്കുകയാണ്. വന്യമൃഗങ്ങൾ കർഷകരുടെ ജീവനും സ്വത്തിനും ഭീഷണിയായി മാറിയിട്ട് കാലമേറെയായി. കർഷകർ

അനുഭവിക്കുന്ന ദുരവസ്ഥ പരിഹരിക്കാനായി പൊതുസമൂഹവുമായി ചേർന്ന് സഭ സജീവമായി രംഗത്തിറങ്ങണമെന്ന് സിനഡ് തീരുമാനിച്ചു. കർഷകരുടെ ആവശ്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി വിവിധ കേന്ദ്രങ്ങളിൽ കർഷകരുടെ മഹാസംഗമങ്ങൾ നടത്തിയ രൂപതകളെ സിനഡ് അഭിനന്ദിച്ചു.

കർഷക പെൻഷൻ പ്രതിമാസം പതിനായിരം രൂപയായി ഉയർത്തുക, കാർഷിക കടങ്ങൾ എഴുതിതള്ളുക, വന്യമൃഗങ്ങളെ വനാതിർത്തിക്കുള്ളിൽ നിലനിർത്താൻ ആവശ്യമായ നടപടികളെടുക്കുക, സർക്കാർ സത്വരമായി ഇടപെടുക, കാർഷിക ഉൽപന്നങ്ങൾക്ക് ഡോ. എം. എസ്. സ്വാമിനാഥൻ കമ്മീഷൻ നിർദ്ദേശം അനുസരിച്ച് താങ്ങുവില നിശ്ചയിക്കുക, കാർഷിക ജോലികൾ ദേശീയ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തുക തുടങ്ങിയ ആവശ്യങ്ങളാണ് കർഷകർ സർക്കാരിന് മുമ്പിൽ വയ്ക്കുന്നത്. കർഷകരുടെ തികച്ചും ന്യായമായ ഈ ആവശ്യങ്ങളോട് ഉദാരപൂർണമായ സമീപനം സർക്കാരിന്റെ ഭാഗത്തു നിന്ന് ഉണ്ടാകുമെന്ന് സിനഡ് പ്രത്യാശിക്കുകയാണ്. 'തന്റെ ജനത്തിന്റെ ക്ലേശങ്ങൾ കാണുകയും അവരുടെ രോദനം കേൾക്കുകയും ചെയ്യുന്ന ദൈവം' (പുറ. 3:7) നല്ല കാലാവസ്ഥയും സമൃദ്ധിയും നൽകി നമ്മുടെ കർഷകരെ അനുഗ്രഹിക്കാനായി നമുക്ക് പ്രാർത്ഥിക്കാം.

### 2. പൗരത്വ ഭേദഗതി നിയമം

പൗരത്വഭേദഗതി നിയമത്തെക്കുറിച്ച് രാജ്യത്ത് നിലവിലുള്ള ആശങ്കകളും അസ്വസ്ഥതകളും പരിഹരിക്കാൻ തയ്യാറാകണമെന്ന് സിനഡ് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു. ഭാരതത്തിന്റെ പവിത്രമായ ഭരണഘടന അവികലമായി പരിരക്ഷിക്കപ്പെടുന്നു എന്ന് ഉറപ്പു വരുത്താൻ നിയമനിർമ്മാതാക്കൾ ശ്രദ്ധിക്കണം. ഭരണഘടനയുടെ അടിസ്ഥാന മൂല്യങ്ങളിലൊന്നായ മതേതരത്വം ഈ നിയമംമൂലം സംശയത്തിന്റെ ദൃഷ്ടിയിൽ നിൽക്കാൻ ഇടവരരുത്. തിരിച്ചുപോകാൻ ഇടമില്ലാത്ത വിധം രാജ്യത്തുള്ള അഭയാർഥികളെ മത പരിഗണന കൂടാതെ സ്വീകരിക്കാനും പൗരത്വം നൽകാനും സർക്കാർ തയ്യാറാകണം എന്നതാണ് സഭയുടെ നിലപാട്. പുതുതായി പൗരത്വം നല്കുന്നവരെ

പുനരധിവസിപ്പിക്കുമ്പോൾ വടക്കു കിഴക്കൻ സംസ്ഥാനങ്ങളുടെ സാംസ്കാരിക പൈതൃകത്തെ കൂടി സർക്കാർ പരിഗണിക്കണം. അഭയാർത്ഥികളിൽ ചിലരെ മതാടിസ്ഥാനത്തിൽ വേർതിരിക്കാനും പൗരത്വം നിഷേധിച്ച് സ്ഥിരമായി അഭയാർത്ഥി ക്യാമ്പുകളിൽ പാർപ്പിക്കാനുമുള്ള നീക്കം ഉപേക്ഷിക്കണം. ഇക്കാര്യത്തിലുള്ള സർക്കാരിന്റെ നിലപാടിൽ കൂടുതൽ വ്യക്തത ആവശ്യമാണ്. സർക്കാർ നിയമങ്ങളെ എതിർക്കാൻ അക്രമമാർഗങ്ങൾ സ്വീകരിക്കുന്നതും ജനകീയസമരങ്ങളെ ക്രൂരമായി അടിച്ചമർത്തി നിശബ്ദമാക്കാൻ ശ്രമിക്കുന്നതും ഒരു പോലെ അധാർമികമാണ്. ഭാരതം എന്ന മഹത്തായ രാജ്യത്ത് മതേതരത്വവും തുല്യനീതിയും നടപ്പിലാകുന്നുണ്ടെന്ന് ഓരോ പൗരനെയും ബോധ്യപ്പെടുത്താൻ ഭരണകൂടത്തിന് ഉത്തരവാദിത്വമുണ്ട്.

### 3. ന്യൂനപക്ഷ ക്ഷേമ പദ്ധതികളിലെ വിവേചനം

ന്യൂനപക്ഷ വിഭാഗങ്ങളുടെ ഉന്നമനത്തിനായി സർക്കാർ തലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളിൽ ക്രൈസ്തവർ വിവേചനം അനുഭവിക്കുന്നതായി സിനഡ് വിലയിരുത്തി. നിയമപരമായി തന്നെ കേരളത്തിലെ ന്യൂനപക്ഷ ക്ഷേമ വകുപ്പ് ചിലവിടുന്ന തുകയുടെ 80% ഒരു ന്യൂനപക്ഷ വിഭാഗത്തിനു മാത്രമായി സംവരണം ചെയ്തിരിക്കുകയാണ്. ശേഷിക്കുന്ന 20% ആണ് ന്യൂനപക്ഷങ്ങളിലെ മറ്റ് 5 വിഭാഗങ്ങൾക്കുമായി നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. ഈ അനീതി പരിഹരിച്ച് ജനസംഖ്യാനുപാതികമായി ന്യൂനപക്ഷ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ സർക്കാർ നടപടി സ്വീകരിക്കണം.

വിവിധ മത്സര പരീക്ഷകൾക്കുള്ള പരിശീലന കേന്ദ്രങ്ങളായി 45–ൽ പരം സെന്ററുകൾ സർക്കാർ ചിലവിൽ ന്യൂനപക്ഷ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ഇവ എല്ലാ ന്യൂനപക്ഷ വിഭാഗങ്ങൾക്കും നീതി പൂർവ്വകമായി വിഭജിച്ച് നൽകാൻ സർക്കാർ തയ്യാറാകണം. കൂടാതെ ജില്ലാതല ന്യൂനപക്ഷ കോർഡിനേഷൻ കമ്മിറ്റികളിലെ അംഗങ്ങളിൽ ക്രൈസ്തവ പ്രാതിനിധ്യം നാമമാത്രമായി ചുരുക്കിയത് നീതി പൂർവ്വമാണോ എന്ന് വിലയിരുത്തേണ്ടതും സർക്കാരാണ്.

### 4. മുന്നോക്ക വിഭാഗങ്ങളിലെ പിന്നോക്കക്കാരുടെ സംവരണം

സംവരണേതര വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് (ഇ.ഡബ്ല്യു.എസ്.) സർക്കാർ സർവീസിലും ഉന്നത വിദ്യാഭ്യാസ രംഗത്തും 10 ശതമാനം സംവരണം എന്ന കേന്ദ്ര നിയമം നടപ്പിലാക്കുന്നതിനായി കേരള സംസ്ഥാന മന്ത്രിസഭ കൈക്കൊണ്ട തീരുമാനത്തെ സിനഡ് സ്വാഗതം ചെയ്യുന്നു. സർക്കാർ സർവ്വീസുകളിൽ സംവരണേതര ക്രൈസ്തവ വിഭാഗങ്ങൾ പുറന്തള്ളപ്പെട്ടുകൊണ്ടി രിക്കുന്ന ഇപ്പോഴത്തെ അവസ്ഥയിൽ പ്രത്യാശയ്ക്ക് വക നൽകുന്ന നടപടിയാണിത്.

എന്നാൽ, സംവരണത്തിന് മാനദണ്ഡമായി കേന്ദ്രസർക്കാർ നിശ്ചയിച്ച ഭൂപരിധി സംസ്ഥാന സർക്കാർ പുനർനിർണ്ണയിച്ചത് അനീതിപരമാണെന്ന് സിനഡ് വിലയിരുത്തി. ഭൂപരിധി സംബന്ധിച്ച കേന്ദ്രമാനദണ്ഡമായ 5 ഏക്കറിൽ നിന്ന് 2.5 ഏക്കർ ആയി സംസ്ഥാന ഗവൺമെന്റ് കുറച്ചി രിക്കുകയാണ്. ഇതിനോടകം സാമ്പത്തിക സംവരണം നടപ്പിലാക്കിയ ഒരു സംസ്ഥാനവും കൃഷി ഭൂമിയുടെ അളവ് കേന്ദ്ര മാനദണ്ഡത്തിൽ നിന്ന് താഴ്ത്തി നിശ്ചയിച്ചിട്ടില്ല എന്നിരിക്കെ കേരളം മാത്രം ഭൂപരിധി വെട്ടിക്കുറച്ചത് സർക്കാർ പുന:പരിശോധിക്കേണ്ടതാണ്.

കെ.എ.എസ്. ഉൾപ്പടെ പി.എസ്.സി. ഇപ്പോൾ അപേക്ഷ ക്ഷണിച്ചി രിക്കുന്ന തസ്തികകൾക്കുകൂടി ബാധകമാകത്തക്ക വിധത്തിൽ മുൻകാല പ്രാബല്യത്തോടെ സംസ്ഥാനത്ത് 10 ശതമാനം ഇ.ഡബ്ല്യു.എസ്. സംവരണം നടപ്പിൽ വരുത്തുന്നതിനുള്ള തീരുമാനം ഉണ്ടാകണമെന്ന് സിനഡ് സംസ്ഥാനസർക്കാരിനോട് ആവശ്യപ്പെടുന്നു.

### 5. ക്രൈസ്തവർക്കെതിരായ അക്രമങ്ങൾ

ആഗോളതലത്തിൽ ക്രൈസ്തവർക്കെതിരേ വർദ്ധിച്ചുവരുന്ന പീഡനങ്ങളിൽ സിനഡു പിതാക്കന്മാർ ആശങ്ക രേഖപ്പെടുത്തി. ക്രിസ്തുമസ് നാളിൽ നൈജീരിയായിൽ നടന്ന ക്രിസ്ത്യൻ കൂട്ടക്കുരുതി മനുഷ്യ മനസ്സാക്ഷിയെ നടുക്കുന്നതായിരുന്നു. പ്രണയക്കുരുക്കിൽപെട്ട് കേരളത്തിലും ഇതര സംസ്ഥാനങ്ങളിലും ക്രിസ്ത്യൻ പെൺകുട്ടികൾ കൊല്ലപ്പെടുന്ന സാഹചര്യം ഗൗരവത്തോടെ കാണേണ്ടതാണ്.

മതസൗഹാർദ്ദത്തെയും സാമൂഹിക സമാധാനത്തെയും അപകടപ്പെടുത്തുന്ന രീതിയിൽ ദുരുദ്ദേശപരമായ മതാന്തരപ്രണയങ്ങൾ കേരളത്തിൽ വർദ്ധിച്ചു വരുന്നത് ആശങ്കാജനകമാണ്. ക്രിസ്ത്യൻ പെൺകുട്ടികളെ ലക്ഷ്യമാക്കി ആസൂത്രിതമായ തോതിൽ ഇത്തരം നീക്കങ്ങൾ നടക്കുന്നു എന്നത് വസ്തുതയാണ്. കേരളത്തിൽ നിന്ന് ഐ.എസ്. ഭീകര സംഘടനയിലേക്ക് പോലും ക്രിസ്ത്യൻ പെൺകുട്ടികൾ റിക്രൂട്ട് ചെയ്യപ്പെട്ടു എന്നത് നമ്മുടെ കണ്ണ് തുറപ്പിക്കേണ്ടതാണ്.

മതങ്ങൾ തമ്മിലുള്ള സൗഹൃദത്തെ ബാധിക്കുന്ന തരത്തിൽ ഇത്തരം പ്രണയബന്ധങ്ങളെ ആരും മനസിലാക്കരുത്. ഈ വിഷയത്തെ മതപരമായി മനസ്സിലാക്കാതെ സമൂഹത്തെ ദോഷകരമായി ബാധിക്കുന്ന ക്രമസമാധാന പ്രശ്നമായോ ഭീകരവാദപ്രവർത്തനമായോ മനസ്സിലാക്കി നിയമപാലകർ സത്വര നടപടി എടുക്കണമെന്ന് സിനഡ് ആവശ്യപ്പെടുന്നു. ഈവിഷയത്തിന്റെ അപകടങ്ങളെക്കുറിച്ച് രക്ഷകർത്താക്കളെയും കുട്ടികളെയും ഒരുപോലെ ബോധവൽക്കരിക്കാൻ ഉള്ള ശ്രമങ്ങൾ ആരംഭിക്കണമെന്നും സിനഡ് തീരുമാനിച്ചു.

**6. ആരാധനാക്രമം**

1989–ൽ നടപ്പിലാക്കിയ സീറോ മലബാർ കുർബാന ക്രമത്തിന്റെ പരിഷ്കരണം സഭയുടെ ചിരകാല ആഗ്രഹമായിരുന്നു. നമ്മുടെ സഭയുടെ കുർബാനക്രമത്തിന്റെ നവീകരണത്തക്കുറിച്ച് സിനഡ് പിതാക്കന്മാർ വിശദമായ ചർച്ചകൾ നടത്തുകയുണ്ടായി. വിവിധ രൂപതകളിൽ നിന്നു ലഭിച്ച നിർദേശങ്ങളുടെ വെളിച്ചത്തിൽ സഭയുടെ കേന്ദ്ര ലിറ്റർജി കമ്മീഷനും പ്രത്യേക ആരാധനക്രമ സമിതിയും വിശദമായി പഠിച്ചു തയ്യാറാക്കിയ പരിഷ്കരിച്ച കുർബാന ക്രമമാണ് സിനഡിൽ ചർച്ച ചെയ്യപ്പെട്ടത്. പ്രാർത്ഥനയിലും പരിശുദ്ധാത്മാവിന്റെ ചൈതന്യത്തിലും വിശദമായ ചർച്ചകൾക്കും ആഴമായ വിചിന്തനങ്ങൾക്കും ശേഷം നമ്മുടെ കുർബാനയുടെ പരിഷ്കരിച്ച ക്രമം സിനഡ് പിതാക്കന്മാർ ഐകകണ്ഠ്യേന അംഗീകരിച്ചു. പരിഷ്കരിച്ച കുർബാനക്രമം പരിശുദ്ധ സിംഹാസനത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്. മാർപ്പാപ്പയുടെ അംഗീകാരത്തോടെ പരിഷ്കരിച്ച കുർബാനക്രമം നമ്മുടെ സഭയിൽ നടപ്പിൽ വരുന്നതാണ്.

വി. കുർബാനയുടെ അർപ്പണ രീതിയിലുള്ള ഏകീകരണം എന്ന ലക്ഷ്യത്തോടെ 1999 നവംബർ മാസത്തിലെ സിനഡിൽ ഐകകണ്ഠ്യേന എടുത്ത തീരുമാനമാണ് സിനഡിന്റെ ഔദ്യോഗിക നിലപാട്. വിശുദ്ധ കുർബാന അർപ്പണ രീതിയിൽ ഐക്യം ഉണ്ടാകേണ്ടതിന്റെ ആവശ്യകത സിനഡ് ഊന്നി പറയുകയും ഐക്യത്തിലേയ്ക്ക് നീങ്ങാൻ എല്ലാവരെയും ആഹ്വാനം ചെയ്യുകയും ചെയ്തു. 'അൾത്താരയിലെ ഒരുമയാണ് സഭയുടെ ഐക്യത്തിന്റെ അടിസ്ഥാനം' എന്ന ബനഡിക്റ്റ് മാർപ്പാപ്പയുടെ ചിന്ത നമുക്ക് മാർഗ്ഗദർശനമാകട്ടെ. നാം ആശീർവദിക്കുന്ന പാനപാത്രവും നാം മുറിക്കുന്ന അപ്പവും നമ്മെ കർത്താവിന്റെ ശരീരമായ സഭയുടെ കൂട്ടായ്മയിൽ ഒരുമിപ്പിക്കുകയാണ് ചെയ്യുന്നത് (1 കോറി 10:16) എന്ന സത്യം നമുക്ക് വിസ്മരിക്കാതിരിക്കാം.

**7. നന്ദി, അഭിനന്ദനങ്ങൾ**

കാഞ്ഞിരപ്പള്ളി രൂപതയുടെ അദ്ധ്യക്ഷനായി 18 വർഷക്കാലം രൂപതയെ മാതൃകാപരമായി നയിച്ച അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവ് 75 വയസ്സ് പൂർത്തിയായതിനെ തുടർന്ന് രൂപതാ ഭരണത്തിൽ നിന്ന് വിരമിക്കുകയാണ്. പിതാവിന്റെ നിസ്തുലങ്ങളായ സേവനങ്ങളെയും ദീർഘവീക്ഷണത്തോടെയുള്ള നേതൃത്വത്തെയും സഭ മുഴുവനോടുമുള്ള കരുതലിനെയും ഏറെ നന്ദിയോടെ അനുസ്മരിക്കുന്നു. കാഞ്ഞിരപ്പള്ളി രൂപതയുടെ സഹായമെത്രാനായിരുന്ന മാർ ജോസ് പുളിക്കൽ പിതാവിനെയാണ് അഭിവന്ദ്യ മാത്യു അറയ്ക്കൽ പിതാവിന്റെ പിൻഗാമിയായി സിനഡ് തിരഞ്ഞെടുത്തിരിക്കുന്നത്. പുതിയ ദൗത്യത്തിൽ അഭിവന്ദ്യ പിതാവിനും കാഞ്ഞിരപ്പള്ളി രൂപതയ്ക്കും എല്ലാ നന്മകളും ആശംസിക്കുന്നു. പാലക്കാട് രൂപതയുടെ സഹായ മെത്രാനായി ഫാ. പീറ്റർ കൊച്ചുപുരയ്ക്കലിനെ സിനഡ് തിരഞ്ഞെടുത്തു. നിയുക്ത സഹായമെത്രാനും രൂപതാദ്ധ്യക്ഷനായ അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത് പിതാവിനും പാലക്കാട് രൂപതയ്ക്കും എല്ലാ നന്മകളും ദൈവാനുഗ്രഹങ്ങളും ആശംസിക്കുന്നു. 2019 ആഗസ്റ്റ് മാസത്തിലെ സിനഡിന്റെ തിരുമാനപ്രകാരം മേജർ ആർച്ചുബിഷപ്പിന്റെ വികാരിയായി എറണാകുളം–അങ്കമാലി അതിരൂപതയിൽ നിയമിതനായ ആർച്ചു

ബിഷപ്പ് മാർ ആന്റണി കരിയിൽ അതിരൂപതയുടെ ഇപ്പോഴത്തെ അജപാലന പ്രവർത്തനങ്ങളെക്കുറിച്ച് സിനഡിനെ അറിയിച്ചു. പിതാവ് അറിയിച്ച കാര്യങ്ങളെക്കുറിച്ച് സിനഡ് വിശദമായി ചർച്ച ചെയ്തു. മാർ ആന്റണി കരിയിൽ പിതാവ് അതിരൂപതയിൽ ചെയ്യുന്ന സേവനങ്ങളെയും അദ്ദേഹത്തിന്റെ അജപാലന ശൈലിയെയും സിനഡ് പിതാക്കന്മാർ അഭിനന്ദിച്ചു.

**ഉപസംഹാരം**

നമ്മുടെ സഭയ്ക്ക് ശുഭമായ ഭാവിയും പ്രത്യാശയും നൽകുന്ന പദ്ധതി കർത്താവിന്റെ മനസിലുണ്ട് എന്ന് നമുക്ക് തിരിച്ചറിയാം (ജെറ. 29:11) നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെയും സഭയിലെ എല്ലാ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യം നമുക്ക് കൂട്ടായിരിക്കട്ടെ.

സ്നേഹാശംസകളോടെ,

**കർദിനാൾ ജോർജ്ജ് ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2020–ാം ആണ്ട് ജനുവരി മാസം 15–ാം തിയതി നൽകപ്പെട്ടത്. ഈ സർക്കുലർ 2020 ജനുവരി 19–ാം തിയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ സീറോ മലബാർ സഭയുടെ എല്ലാ പള്ളികളിലും ഞായറാഴ്ച കുർബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

# Final Statement of the 34th CBCI Plenary Meeting held in Bangalore, from 13-19 February, 2020

## DIALOGUE: PATH TO TRUTH AND CHARITY

### Introduction

We, the 192 member Bishops of the Catholic Bishops' Conference of India, assembled for our XXXIV Plenary Assembly at St. John's National Academy of Health Sciences, Bengaluru from 13-19February 2020.Prompted by our fidelity to Jesus Christ and unflinching loyalty to our beloved motherland we reflected, meditated and deliberated on the ever relevant theme, "Dialogue: The Path to Truth and Charity." We also sought to sincerely evaluate the quality of our apostolic ministry and be renewed in the Spirit to be servant leaders of our people after the heart of Christ who came "to serve and not to be served" (Mark 10, 48).

The Church, the community of faith in Jesus Christ, has integral and all-inclusive dialogue at her heart. Indeed dialogue belongs to the very essence of the Christian faith. All through her history the Church has made earnest efforts to engage in dialogue at different levels. As a community of human beings the Church lives in civil society and body politic, continuously inspiring us to be loyal citizens of India. The noteworthy contribution of the Church in the field of education, health care and social transformation has been consistently acknowledged by the people of India.

### India: Unity in Diversity

The hallmark of Indian society is its pluralism. From ancient times, India has been a mosaic of many religions, cultures and languages with a strong Indian identity. What unites us is stronger and deeper

than what divides us. We are proud of our Constitution that envisions a Sovereign Socialist Secular Democratic Republic which resolved to secure for all its citizens Justice, Liberty, Equality and Fraternity as enshrined in the Preamble. Justice is spelt out as social, economic and political; Liberty is explained as liberty of thought, expression, belief, faith and worship; and Equality is understood as equality of status and opportunity. These Constitutional values form the ethos of Indian identity that promotes fraternity, dignity of the individual and unity and integrity of the nation. Every citizen must be ever vigilant against all attempts to undermine the ennobling human vision of the Constitution so that our beloved country ever remains united.

**Biblical Foundations**

Various streams of thoughts running through the biblical texts enrich our understanding of the necessity of dialogue among peoples and cultures. Dialogue with other religions is integral to the Biblical Revelation. The different aspects of dialogue in the Bible are rooted in our faith in God as Trinity: God as the Creator of all, the universal presence of God's Spirit, and Jesus as the Saviour of all mankind.

In the Gospels, Jesus' encounters with people reveal that God is the Father of all. The Kingdom of God that Jesus preached embodies the love of God, irrespective of race, sex, colour, class, language and creed. The Good News of Jesus calls upon humanity to establish a society of justice, equality, love, forgiveness and peace. Dialogue begins and grows when we open ourselves to the Lord, and by committing ourselves to his words and deeds, live the mystery of his death and resurrection which paves the path to truth and charity. For example, in the dialogue with the Samaritan woman, Jesus unveils the true horizons of relating with God in truth and spirit. He starts with the dialogue of life and moves to the dialogue of action which is followed

by the dialogue of sharing the religious experience, and eventually the dialogue leads to the witnessing of truth.

**Church Teachings**

The Church encourages believers to respect each other and one another's religious tradition, thus cooperating with one another to promote peace and harmony and work for the common good of all. Pope Francis has urged all people of good will to make every effort to establish peace in society by "inviting all persons who believe in God to unite and work together, so that it may serve as a guide for future generations to advance a culture of mutual respect in the awareness of the great divine grace that makes all human beings brothers and sisters…called to express this human fraternity by safeguarding creation and the entire universe, and supporting all persons, especially the poorest and those most in need…" (Document on Human Fraternity, 4th February 2019, Abu Dhabi).

Dialogue is rooted in the very vocation of the Church. Being open to dialogue, calls for being absolutely consistent with one's own religious tradition. Believers enter into each other's depth of life through dialogue.

**Dialogue with Cultures and Religions**

Every community that lives in India possesses its own cultural identity with its richness, which must be respected at any cost. Attempts to homogenize and impose a mono-cultural pattern pose serious threats to the cultural patrimony of our country. As our Constitution envisions, there not be any meaningful dialogue of culture without acknowledging the primacy of human person. People of every culture and religion and those who profess no religion must be esteemed with mutual

respect which eventually leads to human fraternity. No culture or religion shall dominate over other cultures and religions. Subduing certain cultures by the dominant culture will destroy the brotherhood and harmony existing in the country. "The enemy of fraternity is an individualism which translates into the desire to affirm oneself and one's own group above others. Religious behaviour, therefore, needs continually to be purified from the recurrent temptation to judge others as enemies and adversaries." (Document on Human Fraternity, 4th February 2019, Abu Dhabi).

**Liberating Dialogue with the Poor, the Dalits and Tribal People**

Dialogue with the poor, the Dalits and Tribal people is an urgent priority in the context of India. The Dalits and Tribal people are continually denied their human rights socially. Every step taken in favour of their liberation by eradicating poverty, exploitation, discrimination, and every other form of sinful structures of society are effective means of dialogue. However, dialogue with the poor shall not be limited only to the works of mercy. The term 'the Church of the poor' reflects the constant self-understanding of Christians that the poor stand in the place of Christ, and therefore charity and justice must be an essential and central dimension of what it means to be a follower of Christ.

In this context, we urge the State authorities to take adequate steps to ensure justice to the Dalit Christians and the Tribal people.

**Dialogue with Nature**

Dialogue with nature is another important aspect. The earth, our common home, which was created to support life and give praise to God, is crying out with pain because human activity is destroying it.

All who believe in God and all people of good will have an obligation to protect the ecological equilibrium of the earth, intended by the Creator. Therefore dialogue with nature includes serious steps to mitigate climate change, clean the land and the seas, and start treating all of creation with respect and concern.

**Dialogue with the Unborn**

Dialogue should not be limited to those who are born; rather the right to life of the unborn must also be taken seriously into account. We believe that the human being is to be respected and treated as a person from the moment of conception, that each and every human life has inherent dignity, and thus must be treated with the respect due to a human person from womb to tomb. The steps to legalise the abortion even to the extent of six months must be condemned as a gross injustice which undermines the right to life of the unborn. We appeal to the State authorities that it immediately withdraw the Bill in the Parliament.

**Dialogue of Peace**

Interreligious dialogue is one of the most pressing needs of our times. There will be no peace among nations without peace among religions. There will be no peace among religions without dialogue among religions.We are alarmed by continuous persecution on a global level endured by innocent people at the hands of fundamentalist and terrorist groups.

Dialogue in India should aim at collaboration in areas such as peace-building, protection the environment, eradication of poverty and ensuring the human dignity of all, especially of women and children. Besides, it means that we condemn all wars, violence and terrorism

that create insurmountable blocks to dialogue. We pledge ourselves to engage in a process of dialogue for a reconciled society.

**A Fervent Appeal**

We believe that patriotism is different from narrow and divisive cultural nationalism, which is radically different from Constitutional nationalism. No one has the right to question patriotism of any Indian citizen on subjective grounds. Authentic patriotism unites us amidst divergences. Patriotism is defined as directing the attention of the citizens to the good of the whole human family, united by the different ties which bind together races, people and nations. "All Christians must be aware of their sense of responsibility and their service of the common good. They must recognize the legitimacy of different opinions with regard to temporal solutions, and respect citizens, who, even as a group, defend their points of view by honest methods" (Church in the Modern World, no. 75).

False nationalistic ideologies that instigate contempt for cultures other than the majoritarian dominant culture are capable of perpetrating atrocities. It is necessary to clarify the essential difference between patriotism and pseudo nationalism. Patriotism builds up the nation while pseudo nationalism destroys the integrity, unity and harmony of the nation. Nationalism, particularly in its most radical and extreme forms, is thus the antithesis of true patriotism.

We appeal to the State authorities to ensure that pseudo nationalism does not continue to give rise to new forms of totalitarianism. Together with the framers of the Constitution, we, the Catholic Bishops of India, affirm that religion shall not be a criterion for determining Indian citizenship. The authorities should come forward with sincere and effective means to erase the sense of fear, anxiety and uncertainty

spreading in the nation, especially among the religious minorities.

Needless to say that dissent should not be misconstrued as un-patriotism. Democracy cannot be built on monologue. We call upon the State authorities that it is right time to sit around the common table, a place of conversation and of shared hopes. Against the attempts at creating cultural isolation in our beloved country, dialogue will make the elements that are seemingly a barrier or a wall, a bridge of relationship. "Identity and dialogue are not enemies. Our own cultural identity is strengthened and enriched as a result of dialogue with those unlike ourselves. Nor is our authentic identity preserved by an impoverished isolation." (Pope Francis, Querida Amazonia, n.)

**Conclusion**

Dialogue is indeed the path to truth and charity. Let us pray that dialogue grows in every family, at all levels of the Church, among the Christians, among religions and cultures, and among the nations so that God's Kingdom of reconciliation, justice, peace and love may come.

Though deeply concerned and anguished with what is happening, we are filled with hope inspired by faith and the innate goodness of all our fellow citizens. We appreciate the majority who uphold the secular values of our nation. We are determined to continue to collaborate in the work of building our great nation, Mother India.

May the Blessed Virgin Mary, who manifested the exemplary spirit of dialogue through her maternal intercession, guide each one of us on the path of truth and charity!

## രൂപതാകച്ചേരി വാർത്തകൾ

### Appointments and Transfers

| | | |
|---|---|---|
| Fr. Manu Panachikal mcbs | : | Back to the Congregation |
| Fr. Joseph Chakkittamury | : | Assistant Parish Priest, Little Flower Cathedral, NRPura |
| Fr. Varghese Kodavana | : | Assistant Priest in-Charge, St.Mary's ChurchRampur (Diocese of Adilabad) |
| Fr. Libin Chakinimanthra | : | Assistant Priest in-Charge, Shanthida Church,Rallamettupally (Diocese of Adilabad) |
| Fr. Jose Poottampuzha | : | Assistant Parish Priest of Holy Family Cathedral Church,Adilabad |

### നന്ദി

കഴിഞ്ഞ ഒരു വർഷം രൂപതയിലെ ഗോരിഗണ്ടി, ബാളെഹൊണ്ണൂർ, എൻ. ആർ. പുര കത്തിഡ്രൽ ഇടവകകളിൽ സ്തുത്യർഹമായ സേവനത്തിനുശേഷം സ്ഥലം മാറിയിരിക്കുന്ന മനു പനച്ചിക്കലച്ചന് നന്ദിയും, പുതിയ പ്രേഷിതമേലയിൽ എല്ലാ വിജയങ്ങളും നേരുന്നു.

### വി. യൗസേപ്പിതാവിന്റെ തിരുനാൾ

തിരുക്കുടുംബത്തിന്റെ സംരക്ഷകനും തിരുസഭയുടെ കാവൽക്കാരനും നമ്മുടെ രൂപതയുടെ മദ്ധ്യസ്ഥനുമായ വി. യൗസേപ്പിതാവിന്റെ തിരുനാൾ ദിനമായ മാർച്ച് 19–ന് നമ്മുടെ രൂപതയേയും ദൈവജനം മുഴുവനേയും യൗസേപ്പിതാവിനു സമർപ്പിക്കാം. അഭിവന്ദ്യ പിതാവിനെ പ്രത്യേകമായി യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥത്തിനു ഏൽപ്പിക്കാം. അന്നേ ദിവസം അഭിവന്ദ്യ പിതാവിനായി പ്രത്യേകം പ്രാർത്ഥിക്കാം.

രൂപത മുഴുവന്റേയും നാമത്തിൽ പിതാവിനു സ്നേഹനിർഭരമായ തിരുനാൾ മംഗളങ്ങൾ നേരുന്നു. യൗസേപ്പിതാവിന്റെ നാമധാരികളായ എല്ലാ വൈദികർക്കും, സമർപ്പിതർക്കും, അൽമായ സഹോദരർക്കും തിരുനാൾ ആശംസകൾ!

### വൈദിക സമ്മേളനം, സൈത്ത് വെഞ്ചിരിപ്പ്

രൂപതാ വൈദിക സമ്മേളനം 2020 ഏപ്രിൽ 07 ചൊവ്വാഴ്ച രാവിലെ 10.00 മണിക്ക് ബോധന പാസ്റ്ററൽ സെന്ററിൽ ആരംഭിക്കും. തുടർന്ന് ഉച്ചകഴിഞ്ഞ് 02.30–ന് സൈത്ത് വെഞ്ചിരിപ്പ് നടത്തപ്പെടും.

### ആലോചനാ സംഘം

ആലോചനാ സംഘത്തിന്റെ അടുത്ത യോഗം 2020 ഫെബ്രുവരി 24–ന് ഉച്ചകഴിഞ്ഞ് 4 മണിക്ക് രൂപതാ കേന്ദ്രത്തിൽ ചേരുന്നു.

### കാർഷിക സെമിനാർ

ഒരു ഇടവകയിൽ നിന്ന് രണ്ടു പേർ വീതം പങ്കെടുക്കാവുന്ന ഒരു കാർഷിക സെമിനാർ 2020 മാർച്ച് 13, 14 തീയതികളിൽ ബോധനയിൽ വച്ച് നടത്തപ്പെടുന്നു. ക്ലാസ്സുകൾ, ചർച്ചകൾ, മാതൃകാ കൃഷിത്തോട്ടങ്ങൾ സന്ദർശനം എന്നിവ ഈ സെമിനാറിന്റെ പരിപാടികൾളിൽ പെടുന്നു.

### പാസ്റ്ററൽ കൗൺസിൽ

നാലാം പാസ്റ്ററൽ കൗൺസിലിന്റെ അവസാനത്തെ യോഗം 2020 മാർച്ച് 21 – ന് രാവിലെ 10 മണിക്ക് രൂപതാ കേന്ദ്രത്തിൽ ചേരുന്നു. എല്ലാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും ഇതിൽ സംബന്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

### വാർഷിക പൊതുയോഗം

2019–2020 വർഷത്തെ കണക്കുകൾ, 2020–2021 വർഷത്തേക്കുള്ള ബഡ്ജറ്റ് എന്നിവ അവതരിപ്പിക്കുന്നതിനും, 2020–2021 വർഷത്തേക്കുള്ള കൈക്കാരന്മാരെ തിരഞ്ഞെടുക്കുന്നതിനുമുള്ള വാർഷിക പൊതുയോഗം നമ്മുടെ എല്ലാ ഇടവകകളിലും 2020 ഏപ്രിൽ 19–നോ അതിനു മുമ്പുള്ള ഞായറാഴ്ചയോ ചേരേണ്ടതാണ്. പൊതുയോഗത്തിന്റെ നടത്തിപ്പ്, കൈക്കാരന്മാരുടെ തിരഞ്ഞെടുപ്പ് എന്നിവയിൽ പള്ളിയോഗ നടപടിക്രമങ്ങൾ (രൂപതാ നിയമാവലി പേജ് 139–143) പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുക. കൈക്കാരന്മാരുടെ തിരഞ്ഞെടുപ്പ്പൂർത്തിയാക്കി അവരുടെ പേരുവിവരവും, പൊതുയോഗം പാസ്സാക്കിയ വാർഷിക തിരട്ടും, ബഡ്ജറ്റും, തിരട്ടു ബുക്കിലും, തിരട്ടു

ഫോമിലും രൂപതാ കേന്ദ്രത്തിൽ നൽകേണ്ടതാണ്. രൂപതാ കേന്ദ്രത്തിൽ നിന്ന് അംഗീകാരം ലഭിച്ചതിനു ശേഷം മാത്രമാണ് പുതിയ കൈക്കാരന്മാർ സ്ഥാനമേൽക്കേണ്ടത് (രൂപതാ നിയമാവലി 175–178 പേജുകൾ).

**പ്രതിനിധി യോഗം (പാരിഷ് കൗൺസിൽ) തിരഞ്ഞെടുപ്പ്**

പ്രതിനിധിയോഗത്തിന്റെ കാലവധിയായ മൂന്നു വർഷം പൂർത്തിയാകുകയാണ്. രൂപതയിലെ എല്ലാ ഇടവകകളിലും രൂപതാ നിയമാവലി 143 മുതൽ 146 വരെ പേജുകളിലെ നിർദ്ദേശാനുസരണം 2020 മാർച്ച് 29–നുള്ളിൽ പുതുതായി പ്രതിനിധിയോഗം രൂപീകരിക്കേണ്ടതാണ്. പ്രതിനിധിയോഗത്തിന്റെ കാലാവധി മൂന്നുവർഷമായതിനാൽ, മൂന്നു വർഷത്തേക്കാണ് ഈ തിരഞ്ഞെടുപ്പ് എന്നത് പ്രത്യേകം ശ്രദ്ധിക്കുക. ഓരോ വാർഡിൽ നിന്നും ഒരു പുരുഷൻ, ഒരു സ്ത്രീ, ഒരു യുവാവ് / യുവതി എന്ന ക്രമത്തിൽ തിരഞ്ഞെടുപ്പ് നടത്തേണ്ടതാണ്.

**ഫോറോന കൗൺസിൽ, പാസ്റ്ററൽ കൗൺസിൽ പ്രതിനിധികളുടെ തിരഞ്ഞെടുപ്പ്**

ബഹു. ഫൊറോനാ വികാരിമാരുടെ നേതൃത്വത്തിൽ അതത് ഫൊറോനയിലെ ഇടവകകളിൽ നിന്നും പ്രതിനിധികളായി തിരഞ്ഞെടുക്കപ്പെടുന്ന മൂന്നു പേർ – ഒരു പുരുഷൻ, ഒരു സ്ത്രീ, ഒരു യുവാവ് / യുവതി എന്ന ക്രമത്തിൽ – ഉൾപ്പെടുന്ന ഫോറോന കൗൺസിൽ രൂപീകരിച്ച് അവരുടെ യോഗത്തിൽ വച്ച് രൂപതാ പാസ്റ്ററൽ കൗൺസിലേക്കുള്ള മൂന്നു പേരുടെ – ഒരു പുരുഷൻ, ഒരു വനിത, മറ്റൊരാൾ 30 വയസ്സിൽ കവിയാത്ത യുവാവ് / യുവതി – തിരഞ്ഞെടുപ്പ് പൂർത്തിയാക്കി അവരുടെ പേരുകൾ 2020 ഏപ്രിൽ 21–ന് മുമ്പായി രൂപതാ കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ് (രൂപതാ നിയമാവലി പേജ് 163). പാസ്റ്ററൽ കൗൺസിലിന്റെ കാലാവധി മൂന്നുവർഷമായതിനാൽ, മൂന്ന് വർഷത്തേക്കാണ് ഈ തിരഞ്ഞെടുപ്പ് എന്നത് പ്രത്യേകം ശ്രദ്ധിക്കുക. 2020 ഏപ്രിൽ മാസം 28–ന് രാവിലെ 10 മണിക്ക് 'ബോധനാ പാസ്റ്ററൽ സെന്ററിൽ' വച്ച് അഞ്ചാം പാസ്റ്ററൽ കൗൺസിലിന്റെ ആദ്യ യോഗം ചേരുന്നതാണ്.

**ഓഡിറ്റിംഗ്**

2019–2020 സാമ്പത്തിക വർഷത്തെ നമ്മുടെ എല്ലാ പള്ളികളു

ടേയും സ്ഥാപനങ്ങളുടേയും കണക്കുകൾ രൂപതാ കേന്ദ്രത്തിൽ നിന്നും 2020 ഏപ്രിൽ 22, 23, 24, തീയതികളിൽ യഥാക്രമം എൻ. ആർ. പുര, സാഗർ, ഷിമോഗ, എന്നിവിടങ്ങളിൽ വച്ച് ഓഡിറ്റ് ചെയ്യുന്നതാണ്. താഴെ പറയുന്ന രേഖകളുമായി നിർദ്ദേശിച്ചിരിക്കുന്ന സമയത്ത് ബഹു. വികാരിയച്ചന്മാർ ഇടവക സെക്രട്ടറിമാരുമൊത്ത് (കണക്കൻ) ഓഡിറ്റിംഗിനു വരേണ്ടതാണ്.

1. The Minutes of the Pothuyogam (original and copy), the Annual Statement of Account of 2019- 2020 (വാർഷികക്കണക്ക്, book and sheet) and budget for 2020 -2021 (original and copy).
2. Journal and Ledger with Bills and Vouchers
3. Accounts of the Institutions (if any)
4. Accounts of the Diocesan Farms
5. Updated Bank Passbooks and Check Books
6. FD Receipts (if any)

**22-04-2020: N.R.Pura, Little Flower Cathedral Church**

| | | |
|---|---|---|
| 09.30 am | : | N.R.Pura |
| 10.30 " | : | Sangameswarapet |
| 11.00 " | : | Balehonnur |
| 11.30 " | : | Chettikudige |
| 12.00 noon | : | Varkatta |
| 02.00 pm | : | Makkode |
| 02.30 " | : | Koppa |
| 03.00 " | : | Muthinakoppa & Mallanthoor |
| 03.30 " | : | Shettikoppa |

**23.04.2020: Sagar, St. Thomas Church**

| | | |
|---|---|---|
| 09.30 am | : | Sagar, Joga & Kargal |
| 10.30 " | : | Ripponpett |
| 11.00 " | : | Nagavally |
| 11.30 " | : | Iduvally |

| | | |
|---|---|---|
| 12.00 noon | : | Hosur (Induvally) |
| 02. 00 pm | : | Anavatty |
| 02.30 " | : | Anandapuram |

## 24.04.2020: Shimoga, St. Joseph's Forane Church

| | | |
|---|---|---|
| 09.30 am | : | Bhadravathi |
| 10.00 " | : | Davangere |
| 10.30 " | : | Holehonnur |
| 11.00 " | : | Masthikatte |
| 11.30 " | : | Umblebylu |
| 12.00 noon | : | Shimoga |

## പൊതു പിരിവുകൾ

- ദാരിദ്ര്യരോഗനിവാരണത്തിനായി കാരിത്താസ് ഇൻഡ്യ നടത്തുന്ന പ്രവർത്തനങ്ങളെ സഹായിക്കുവനായി നടത്തുന്ന പ്രത്യേക പിരിവ് ഈ വർഷം ഏപ്രിൽ 05–ാം തീയതിയാണ് (ഓശാന ഞായർ) നടത്തേണ്ടത്.
- വിശുദ്ധനാടിന്റെ സംരക്ഷണത്തിനായുള്ള ദുഃവെള്ളിയാഴ്ചത്തെ പ്രത്യേക പിരിവ് 2020 ഏപ്രിൽ 09–ന് എടുക്കേണ്ടതാണ്.

## ജീവകാരുണ്യനിധി

നമ്മുടെയിടയിൽ സഹായമർഹിക്കുന്നവരെ അവരുടെ ആവശ്യങ്ങളിൽ സഹായിക്കുവാനായി രൂപത ഏർപ്പെടുത്തിയിരിക്കുന്ന ജീവകാരുണ്യനിധിയിലേക്കുള്ള പിരിവ് ഈസ്റ്റർ ദിനത്തിൽ (2020 ഏപ്രിൽ 12) വി. കുർബ്ബാന മദ്ധ്യേ നടത്തി രൂപതാ കേന്ദ്രത്തിൽ ഏൽപിക്കാൻ ഓർമ്മിപ്പിക്കുന്നു.

**ഫാ. ഫ്രാൻസീസ് അള്ളുംപുറം**

വികാരി ജനറാൾ

## മതബോധന–ബൈബിൾ കമ്മീഷൻ

രൂപതാ മതബോധന–ബൈബിൾ കമ്മീഷനിൽ നിന്നും ആശംസകൾ!

### കോർ ടീം മീറ്റിംഗ്

2020 ജനുവരി 15–ന് രാവിലെ 10.30–ന് ഡയറക്ടർ റവ. ഫാ. ഫ്രാൻസീസ് അള്ളുംപുറത്തിന്റെ അദ്ധ്യക്ഷതയിൽ, അസി. ഡയറക്ടർമാരായ ഫാ. ്റിനോ വെള്ളാരംകാലയിൽ, ഫാ. സെബാസ്റ്റ്യൻ പുല്ലുക്കാട്ട് എന്നിവരുടെ സാന്നിദ്ധ്യത്തിൽ കോർ ടീം യോഗം ചേർന്നു. 2019–20 വർഷത്തെ പ്രവർത്തന പരിപാടികൾ വിലയിരുത്തി. സന്ദർശനങ്ങൾ നടത്തിയവർ അവരുടെ അഭിപ്രായങ്ങളും നിരീക്ഷണങ്ങളും പങ്കുവച്ചു. കോർ ടീം സന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന മതബോധന സ്കൂളുകളിലേക്കുള്ള സർപ്രൈസ് വിസിറ്റ്, വാർഷികപരീക്ഷ, സ്കോളർഷിപ്പ് പരീക്ഷ എന്നിവ ചർച്ച ചെയ്ത്, ചെയ്യേണ്ട കാര്യങ്ങൾ തീരുമാനിച്ചു. വാർഷിക പരീക്ഷയുടെ ചോദ്യപേപ്പറുകൾ തയ്യാറാക്കാനായി ആളുകളെ ചുമതലപ്പെടുത്തി. പൊതു അഭിപ്രായം പരിഗണിച്ച് കോർ ടീം സന്ദർശനത്തിന്റെ വെളിച്ചത്തിൽ മികച്ച മതബോധന സ്കൂളായി തിരഞ്ഞെടുക്കപ്പെടുന്നവർക്ക് സ്ഥിരമായ ഒരു ട്രോഫി എന്ന ആശയം പരിഗണിക്കാവുന്നതാണെന്ന് തിരുമാനിച്ചു. പിന്നീട് കോർ ടീം അംഗങ്ങൾ പരസ്പരം ക്രിസ്തുമസ് സമ്മാനങ്ങൾ കൈമാറി.

### പ്രധാനാദ്ധ്യാപകയോഗം

2020 ജനുവരി 15 രാവിലെ 11.30–ന് മതബോധന പ്രധാനാദ്ധ്യാപകർ, ഡിറക്ടറച്ചന്മാരോടും കോർ ടീം അംഗങ്ങളോടുമൊപ്പം യോഗം ചേർന്നു. ഫാ. സെബാസ്റ്റ്യൻ എല്ലാവരെയും സ്വാഗതം ചെയ്തു. ശ്രീമതി നിഷ ജയ്മി കഴിഞ്ഞ യോഗത്തിന്റെ റിപ്പോർട്ട് അവതരിപ്പിച്ചു. കോർ ടീം സന്ദർശനത്തിന്റെ വെളിച്ചത്തിൽ വിലയിരുത്തലുകളും, ശ്രദ്ധിക്കേണ്ട കാര്യങ്ങളും ആനിമേറ്റർ സി. ശുഭ സി.എം.സി. അറിയിച്ചു.

തുടർന്നുള്ള ചർച്ചയിൽ താഴെ പറയുന്ന കാര്യങ്ങൾ തീരുമാനിച്ചു.

1. ദൂരെ നിന്ന് മത്സരങ്ങളിലും മറ്റും പങ്കെടുക്കാൻ വരുന്നവർക്ക് ആവശ്യമായ സൗകര്യങ്ങൾ നൽകുക.
2. മതബോധന ക്ലാസ് നിർബന്ധമായും ഒന്നര മണിക്കൂറെങ്കിലും

എടുത്തിരിക്കണം. മറ്റു പരിപാടികൾ അതിന് തടസ്സമാകാതിരിക്കാൻ ശ്രദ്ധിക്കുക.

3. മതാദ്ധ്യാപകർക്കായുള്ള പരിശീലന സെമിനാർ 2020 മെയ് മാസത്തിൽബോധന പാസ്റ്ററൽ സെന്ററിൽനടത്താൻ തിരുമാനിച്ചു.
4. ലോഗോസ് ക്വിസ്സിൽ പ്രായ അടിസ്ഥാനത്തിലുള്ള ഗ്രൂപ്പുകളിൽ ഒന്നാം സ്ഥാനം ലഭിക്കുന്നവർക്കും രൂപതയിൽ നിന്ന് സമ്മാനം നൽകുക.
5. വിശ്വാസോത്സവം അതത് ഇടവകകളിൽ ക്രമീകരിക്കുക. ബ്രദേഴ്സിന്റെ സേവനം ആവശ്യമുള്ളവർ എത്രയും വേഗം ഫാ. റ്റിനോയെ അറിയിക്കേണ്ടതാണ്.

## പാരിഷ് ബൈബിൾ ക്വിസ്

പാരിഷ് ബൈബിൾ ക്വിസിന്റെ രൂപതാ തല മത്സരം 2020 ജനുവരി 15–ന് ഉച്ചകഴിഞ്ഞ് 02 മണിക്ക് ബോധന പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു. ബൽത്തങ്ങടിയിൽ നിന്നുള്ള റവ. ഫാ. ടോമി മറ്റം, ശ്രീ വർഗീസ് എന്നിവരുടെ നേതൃത്വത്തിൽ ക്വിസ് നടത്തപ്പെട്ടു.

## സമ്മാനർഹരായവർ

| | | |
|---|---|---|
| ഒന്നാം സ്ഥാനം | – | മാക്കോട് |
| രണ്ടാം സ്ഥാനം | – | ഷെട്ടികൊപ്പ |
| മൂന്നാം സ്ഥാനം | – | ഷിമോഗ |

വിജയികൾക്ക് കാഷ് അവാർഡും, റോളിംഗ് ട്രോഫിയും, പങ്കെടുത്ത എല്ലാവർക്കും സമ്മാനങ്ങളും അസി. ഡിറക്ടർ റവ. ഫാ. റ്റിനോയും, റവ. ഫാ. റ്റോമി മറ്റവും ചേർന്ന് നൽകി.

ക്വിസിന്റെ ഉത്തരവാദിത്വം വഹിച്ച ഫാ. റ്റിനോ, സി. ലിസ, സി. ലില്ലി മാത്യു, ശ്രീ ജോമോൻ എന്നിവർക്ക് നന്ദി.

## സർപ്രൈസ് വിസിറ്റ്

രൂപതാ മതബോധന കേന്ദ്രത്തിന്റെ നിർദ്ദേശാനുസരണം ഏറ്റവും ഭംഗിയായി പ്രവർത്തിക്കുന്ന മതബോധന സ്കൂളിനെ തിരഞ്ഞെടുക്കാനുള്ള കോർ ടീമിന്റെ ആദ്യ സന്ദർശനത്തിൽ നിന്ന് രണ്ടാം ഘട്ട സർപ്രൈസ് വിസിറ്റിനായി എൻ. ആർ. പുര ലിറ്റിൽ ഫ്ളവർ, സാഗർ സെ. തോമസ്,

വർക്കട്ട സെ. ആന്റണീസ്, ബാളെഹൊണ്ണൂർ സെ. ജോർജ്ജ് എന്നിവ തിരഞ്ഞെടുക്കപ്പെട്ടു.

മേൽ പറഞ്ഞ ഇടവകകളിലെ ബഹു. വികാരിയച്ചന്മാർക്കും മതാദ്ധ്യാപകർക്കും അനുമോദനങ്ങൾ!

## സ്കോളർഷിപ്പ് പരിക്ഷ

2020 ഏപ്രിൽ 18 ഉച്ചകഴിഞ്ഞ് 02 മണിക്ക് ബോധന പാസ്റ്ററൽ സെന്ററിൽവച്ച്. 07, 10, 12 ക്ലാസ്സുകളിൽ നിന്ന് 75% –ത്തിൽ കൂടുതൽ മാർക്കു വാങ്ങിയവരിൽ ഏറ്റവും കൂടുതൽ മാർക്കു വാങ്ങിയ രണ്ടു പേർക്ക് പങ്കെടുക്കാം. പേരുവിവരങ്ങൾ മുൻകൂട്ടി രൂപതാ മതബോധന കേന്ദ്രത്തിൽ അറിയിക്കണം.

## മതാദ്ധ്യാപക സെമിനാർ

മതാദ്ധ്യാപകർക്കായുള്ള പരിശീലന സെമിനാർ 2020 മെയ് 08 ഉച്ചകഴിഞ്ഞ് 4 മണി മുതൽ 09 ഉച്ചകഴിഞ്ഞ് 4 മണിവരെ ബോധന പാസ്റ്ററൽ സെന്ററിൽ നടക്കും. ചങ്ങനാശേരി അതിരൂപതാ മതബോധന കേന്ദ്രത്തിൽ നിന്നുള്ള ടീമംഗങ്ങൾ സെമിനാറിനു നേതൃത്വം നൽകും. സെമിനാറിൽ പങ്കെടുക്കുന്നവർ ഒരു ദിവസത്തെ താമസത്തിനാവശ്യമായ സാധനങ്ങൾ കരുതണം. താമസസൗകര്യത്തിന്റെ ക്രമീകരണത്തിനായി സ്ത്രീകൾ (അൽമായർ, സിസ്റ്റേഴ്സ്), പുരുഷന്മാർ എന്നിങ്ങനെ തിരിച്ച് പങ്കെടുക്കുന്നവരുടെ എണ്ണം നേരത്തെ തന്നെ രൂപതാ മതബോധന കേന്ദ്രത്തിൽ അറിയിക്കണം.

## നന്ദി

കഴിഞ്ഞുപോയ മതബോധന–ബൈബിൾ അദ്ധ്യയന വർഷത്തിൽ എല്ലാം ഭംഗിയായി നടത്തിയ വികാരിയച്ചന്മാർക്കും, മതാദ്ധ്യാപകർക്കും അനുമോദനങ്ങൾ. പ്രവർത്തന പദ്ധതികൾ വിജയകരമായി നടപ്പിലാക്കാൻ സഹകരിച്ച എല്ലാ കോർ ടീം അംഗങ്ങൾക്കു നന്ദി.

ഫലപ്രദമായ ഒരു നോമ്പുകാലവും തുടർന്ന് സമാധാനം നിറഞ്ഞ, അനുഗ്രഹദായകമായ ഒരു ഈസ്റ്ററും ഏവർക്കും നേരുന്നു.

**ശ്രീമതി നിഷ ജെയ്മി**

കോർ ടീം സെക്രട്ടറി

## ചെറുപുഷ്പ മിഷൻ ലീഗ്

ചെറുപുഷ്പ മിഷൻലീഗിൽ നിന്നും സ്നേഹാശംസകൾ! എല്ലാ മിഷൻലീഗ് അംഗങ്ങളെയും പ്രാർത്ഥനയിൽ ഓർക്കുന്നു. പഠന വിജയത്തിനായും, പരീക്ഷാ വിജയത്തിനായും നമ്മുടെ അദ്ധ്വാനങ്ങൾ ഫലദായകമാകുന്നതിനും വേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കുന്നു. ഓരോ ഇടവകകളിലും ഫൊറോനകളിലും ആനിമേറ്റേഴ്സിന്റെയും ഡയറക്ടേഴ്സിന്റെയും നേതൃത്വത്തിൽ എല്ലാം ഭംഗിയായി നടക്കുന്നു എന്നതിൽ ഏറെ സന്തോഷം.

ഏതാനും ചില പ്രത്യേക നിർദ്ദേശങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു. ആനിമേറ്റേഴ്സും ഡയറക്ടേഴ്സും ഇക്കാര്യത്തിൽ ശ്രദ്ധിക്കുമല്ലോ.

1) നിങ്ങളുടെ ഇടവക, ഫൊറോന പ്രവർത്തന റിപ്പോർട്ട് രണ്ടു മാസത്തിലൊരിക്കലെങ്കിലും രൂപതാ ഡയറക്ടർക്കു അയച്ചുതരേണ്ടതാണ്.

2) ഓരോ ഇടവകകളിലും മിഷൻലീഗ് അംഗങ്ങളുടെ കൃത്യമായ എണ്ണം, പേര്, അഡ്രസ്സ് എന്നിവ നൽകേണ്ടതാണ്.

3) എല്ലാ വേദപാഠ അധ്യാപകരും മിഷൻലീഗ് അംഗങ്ങളാണ്. ആനിമേറ്റേഴ്സായി രണ്ടുപേരെ തിരഞ്ഞെടുത്ത് അവരുടെ പേരുവിവരങ്ങൾ അറിയിക്കുമല്ലോ.

4) സി.എം.എൽ അംഗങ്ങൾ ഓരൊ ഇടവക മധ്യസ്ഥനേയും കുറിച്ച് പൂർണ്ണമായും പഠിച്ചിരിക്കേണ്ടതാണ്. കൂടാതെ പൊതുവായ് നൽകുന്ന വിശുദ്ധനേയോ, വിശുദ്ധയേയോ പഠനവിഷയമാക്കേണ്ടതും അത് സ്കിറ്റ് ആയോ ക്വിസ് ആയോ മത്സരഇനങ്ങളിൽപ്പെടുത്തുന്നതുമാണ്. മിഷൻലീഗിനെ സംബന്ധിച്ചുള്ള പൊതുവിജ്ഞാനവും മിഷൻ ആന്തവും മത്സരത്തിൽ ഉൾപ്പെടുത്തുന്നതായിരിക്കും.

5) മാസത്തിലൊരിക്കലെങ്കിലും മിഷൻലീഗ് അംഗങ്ങൾ ഒരുമിച്ചുകൂടി ഔദ്യോഗിക പ്രാർത്ഥനകൾ ചൊല്ലേണ്ടതും മിഷൻ ആന്തം പാടേണ്ടതുമാണ്.

6) 6–ാം ക്ലാസ്സുമുതലുള്ള എല്ലാ മിഷൻലീഗ് അംഗങ്ങൾക്കുമായി ഈ അവധിക്കാലത്ത് വിവിധവിഷയങ്ങളെ ആസ്പദമാക്കി ക്ലാസുകൾ ക്രമീകരിക്കുകയാണ്. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

കർണ്ണാടക സംസ്ഥാന ഭാരവാഹികളായി നമ്മുടെ രൂപതയിൽ നിന്നു തിരഞ്ഞെടുക്കപ്പെട്ടവർ.

1. ഡയറക്ടർ – റവ.ഫാ. സെബാസ്റ്റ്യൻ പുല്ലുക്കാട്ട്
2. ജോയിന്റ് സെക്രട്ടറി – മിസ്സ് സജിനി പള്ളിപ്പാടൻ (മുത്തിനക്കൊപ്പ)
3. ജനറൽ ഓർഗനൈസർ – അനിൽകുമാർ പാറപ്പുറം (ഷെട്ടിക്കൊപ്പ)
4. റീജണൽ ഓർഗനൈസർ – വരുൺ തോമസ് (ഭദ്രാവതി)

**ഫാ. സെബാസ്റ്റ്യൻ പുല്ലുക്കാട്ട്**

ഡയറക്ടർ

## യുവജന പ്രേക്ഷിതത്ത്വം

നമ്മുടെ രൂപതയിലെ യുവജനങ്ങൾക്കായി ക്രിസ്തുമസ് ആഘോഷവും കരോൾ ഗാനമത്സരവും ഡിസംബർ 21–ാം തിയതി ബോധനയിൽ വെച്ച് നടത്തപ്പെട്ടു.

### കരോൾ ഗാന മത്സര വിജയികൾ

ഒന്നാം സ്ഥാനം – ലിറ്റിൽ ഫ്ളവർ കത്തിഡ്രൽ ചർച്ച്, എൻ.ആർ പുര

രണ്ടാം സ്ഥാനം – സെന്റ് മേരീസ് ചർച്ച്, ചെട്ടിക്കുടിഗെ

മൂന്നാം സ്ഥാനം – സെന്റ് ആൻസ് ചർച്ച്, മുത്തിനക്കൊപ്പ

### യുവജന ഭാരവാഹികളുടെ മീറ്റിംഗ്

നമ്മുടെ രൂപതയിലെ വിവിധ ഇടവകകളിൽ നിന്നുള്ള യുവജന ഭാരവാഹികളുടെ ഒരു യോഗം 2020 ജനുവരി 15–ാം തീയതി ഷിമോഗ സെന്റ് ജോസഫ് പള്ളിയിൽ വെച്ച് നടത്തപ്പെട്ടു.

### യുവജന ഭാരവാഹികൾക്കുള്ള പരിശീലനം

റീജണൽ യൂത്ത് കമ്മിഷന്റെ നേതൃത്വത്തിൽ ഷിമോഗയിലെ ചൈതന്യ

യിൽ വെച്ച് ജനുവരി 18,19 തീയതികളിൽ നടത്തപ്പെട്ട പരിശീലനപരിപാടിയിൽ നമ്മുടെ രൂപതയിൽനിന്നും നാല് പേർ പങ്കെടുത്തു.

**ഫാ. ജോസഫ് പനക്കച്ചിറ**

ഡയറക്ടർ

**ഭദ്രാവതി രൂപതാ - കാർഷിക സെമിനാറും പരിശീലനവും**

രാജ്യമാസകലം കാർഷികമേഖല വലിയ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്ന സമയമാണല്ലോ ഇത്. എന്നിരുന്നാലും കൃഷിയിൽ വൻ മുന്നേറ്റവും നേട്ടവും ഉണ്ടാക്കുന്ന പ്രദേശങ്ങളിൽ ഒന്നാണ് കർണ്ണാടകയിലെ ഭദ്രാവതി രൂപതയുൾപ്പെടുന്ന മലനാട്. കാർഷിക വൃത്തിയെ പ്രോത്സാഹിപ്പിക്കുവാനും കൃഷിയുടെ അനന്തസാദ്ധ്യതകൾ വിശകലനം ചെയ്യുവാനും, പഠിക്കുവാനും ഉദ്ദേശിച്ചുകൊണ്ട് നമ്മുടെ രൂപതയിൽ ഒരു നിരന്തര കാർഷിക പരിശീലന പരിപാടി ആസൂത്രണം ചെയ്യുകയാണ്.

ഇതിന്റെ ആദ്യഘട്ടമായി 2020 മാർച്ച് 13, 14 തിയതികളിൽ രൂപതാ കേന്ദ്രത്തിൽ വച്ച് ഒരു പഠന പര്യടണ പ്രോഗ്രം നടത്തുകയാണ്. പ്രത്സുത പ്രോഗ്രാം മാർച്ച് 13 വെള്ളിയാഴ്ച വൈകുന്നേരം 4 മണിക്ക് ബോധന പാസ്റ്ററൽ സെന്ററിൽ ആരംഭിക്കുന്നു. 14 ന് ശനിയാഴ്ച മാതൃകാ കർഷകരുടെ കൃഷിത്തോട്ടങ്ങൾ സന്ദർശിച്ച് നൂതന കൃഷിരീതികൾ പഠിക്കുന്നതിനുള്ള അവസരവും ഒരുക്കിയിരിക്കുന്നു. നമ്മുടെ ഓരോ ഇടവകയിൽ നിന്നും കാർഷിക വൃത്തിയിൽ തല്പരരായ രണ്ടുപേർക്ക് ഈ സെമിനാറിൽ സംബന്ധിക്കാവുന്നതാണ്. ഇവർക്ക് ബോധന പാസ്റ്ററൽ സെന്ററിൽ താമസിക്കുന്നതിനുള്ള സൗകര്യമുണ്ടായിരിക്കും. ഭദ്രാവതി രൂപതയിലെ കർഷകർക്ക് കാർഷിക വിദഗ്ദരുടെ സേവനം നിരന്തരം ലഭ്യമാകുന്ന രീതിയിലാണ് ഈ പദ്ധതി ആസൂത്രണം ചെയ്യുന്നത്. മാർച്ച് 13, 14 തിയതികളിലെ സെമിനാറിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ, തങ്ങളുടെ വികാരിയച്ചന്മാർ വഴി പ്രസ്തുത വിവരം രൂപതാ കേന്ദ്രത്തിൽ മുൻകൂട്ടി അറിയിക്കേണ്ടതാണ്.

## സീറോ മലബാർ മാതൃവേദി

രൂപതാ മാതൃവേദിയിൽ നിന്നും ആശംസകൾ! മാതൃവേദിയുടെ കഴിഞ്ഞ ഏതാനും മാസങ്ങളുടെ പ്രവർത്തന റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

| **Winners of Syro-Malabar Anthem Competition** | |
|---|---|
| First Prize - Iduvally | Mrs.Reena Joy |
| | Mrs.Rincy Sunil |
| | Mrs.Sheena Babu |
| | Mrs.Seema Benny |
| | Mrs.Ashly Joshy |
| | Mrs.Sheela James |
| | Mrs.Mary Mathew |
| Second Prize-Varkatte | Mrs.Mini Kachapppilly |
| | Mrs.Shally Merthangal |
| | Mrs.Reena Mangalam |
| | Mrs.Shiby Mundathanath |
| | Mrs.Sunitha Alukka |
| Third Prize—Balehonnur | Mrs.Ramani |
| | Mrs.Sajini |
| | Mrs.Jessy |
| | Mrs.Susan |
| | Mrs.Pushpa |

| Toppers of Sofia Vachanamala Competition | | |
|---|---|---|
| Name | | Parish |
| I | Baby Saji Mannaparambil | Induvally/ Hossur |
| | Daisy Jomy | Shivamogga |
| | Shini Binu Kootala | N.R.Pura |
| II | Jessy Wilson | Balehinnur |
| | Nimitha Bose | Ikkeri Sagar |
| III | Jyothi Sachin | Balehonnur |
| | Kochuthresia Joshy | Shettikoppa |
| | Libina Babu | Bhadravathi |
| | Liji Chekkethmooda | M.Koppa |
| | Lissy Joseph | Ikkeri |
| | Shali Liyo | Shivamogga |
| | Soumya Ajesh | Induvally Hossur |
| | Sujitha Sunny | Gorigundi(S.Pet) |
| IV | Dolly Reshma R | Moolekatte |
| | Lincy Martin | N R Pura |
| **Toppers of Sofia Bible Writing Competition** | | |
| Name | | Parish |
| I | Shoby Joy | |
| II | Licy Avarachan | N.R .Pura |
| | Achamma Baby | Hosur |
| III | Sonia Binu Puthenpurayil | Sagar/ Ikkeri |
| | Jeena Siju | Varkatte |
| | Baby Saji | Hosur |
| | Anna Shinto | N.Holekatte Sorab |
| | Hiney John | Shivamogga |

| | | |
|---|---|---|
| IV | Anitha Vijesh | N.R.Pura |
| | Sheena Reji | Chettikudige |
| | Simidha Vijay | N.R.Pura |
| | Sajini Chandi | Balehonnur |
| | Sneha Sibi | Iduvally |
| | Lija James | Hosur |
| | Nimitha Bose | Ikkeri |
| | Sujitha Sunny | S. Pet |
| | Shally Jose | Varkatte |
| | Anna Devis | Moolekatte |
| | Shiny Rajan | Ripponpet |
| V | Jismitha Bineesh | N.R Pura |
| | Bincy Joseph | S.pet |
| | Binu Suresh | Hosur |
| | Lissy Joseph | Sagar/Ikkery |
| | Sheeja Jacob | Iduvally |
| | Leena Binoy | Balehonnur |
| | Rincy Sunil | Iduvally |
| | Reji Biju | Sagar/Ikkery |
| VI | Shubha Jisu | Iduvally |
| | Ashly Benny | Chettykudige |
| | Harsha Sanu | S.Pet |
| | Sheeja Vadakel | Iduvally |
| | Sonia Romin | Kargel |
| | Jessy A E | Balehonnur |

| | | |
|---|---|---|
| VII | Ansamma | Sagar/Ikkery |
| | Mary Anthony | Iduvally |
| | Sheeba Joy | Moolekatte |
| | Monika K A | Iduvally |
| | Ashly Ellizabeth | Iduvally |
| | Thresiyamma Devasy | |
| | Mini Vargees | M.Koppa |
| | Seema Benny | Iduvally |
| | Ribitha Sunil | N.R.Pura |
| | Ramany Thomas | Balehonnur |
| | Dolly Biju | Iduvally |
| | Jyancymole | NR.Pura |
| | Leelamma Mathew | Iduvally |
| | Ancy Mathew | Varkatte |
| | Pushpa Mathew | Varkatte |
| | Melcy Mathew | N.R.Pura |
| | Maggi | Varkatte |
| | Suja Reji | Varkatte |
| | Jasmine Biju | Iduvally |
| | Sini K T | N.R.Pura |
| | Shyla Shaju | Umbalebyllu |
| | Kochuthresia Joshi | Shettykoppa |
| | Mariyamma Joseph | N.R.Pura |
| | Emilda | Chettykoppa |

| Sofia Mother Award | | |
|---|---|---|
| No | Name | Parish |
| 1 | Kochuthresia Joshy | Shettykoppa |
| 2 | Mercy Alukka Pudusserry | M.Koppa |
| 3 | Joshi Thomas | Varkatte |
| 4 | Shiny Koottala | N.R.Pura |
| 5 | Nisha Jaimy | Shivamogga |
| 6 | Shyla Shaju | Umbalebylu |
| 7 | Leena Benoy | Balehonnur |
| 8 | Sujitha Sunny | Gorugundi |
| 9 | Jasmine Biju | Iduvally |
| 10 | Nimitha Boss | Ikkery |
| 11 | Shiny Rajan | Ripponpet |
| **Toppers of Bombing the City Competition** | | |
| Name | | Parish |
| I | Mrs.Mary Baby | Rippon Pet |
| II | Rincy Suni | Iduvally |
| III | Sr Gracelin<br>Jyothi | Muthinakoppa<br>Balehonnur |

| Naomi's Competitions | | |
|---|---|---|
| No | Name | Parish |
| Baloon Balancing | | |
| I | Aniyamma Chirayil | Hosur |
| | Theyyamma Kallarakkal | Hosur |
| | Anise Shaju | Shimogga |
| | Mini Joy | Induvally |
| **Musical Chair** | | |
| I | Theyyamma Kallarakkal | Hosur |
| II | Aniyamma Chirayil | Hosur |
| **Baloon Passing Senior** | | |
| I | Leelamma Indumutil | Ripponpet |
| II | Mary Njavallikunnel | Ripponpet |
| **Baloon Passing Junior** | | |
| I | Theyyamma Kallarakkal | Hosur |
| Bombing the City | | |
| I | Sr Lissa Mary | Konandur |
| II | Simmy Shaji Makiel | Ripponpet |

**സി. ഉഷ സി.എം.സി**

ഡയറക്ടർ

# മലനാട് സോഷ്യൽ സർവീസ് സൊസൈറ്റി

ഭദ്രാദീപയുടെ എല്ലാ വായനക്കാർക്കും സ്നേഹാശംസകൾ! ഭദ്രാവതി രൂപതയുടെ സാമൂഹിക സേവന വിഭാഗത്തിന്റെ കേന്ദ്രമായ ഈ സൊസൈറ്റിയുടെ കഴിഞ്ഞ ഏതാനും മാസങ്ങളുടെ പ്രവർത്തന റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

എം.എസ്.എസ്.എസിന്റെ കീഴിൽ പലവിധ പ്രോഗ്രാമുകൾ നടത്തപ്പെട്ടുവരുന്നു. എല്ലാ മാസവും ആദ്യ ആഴ്ചയിൽ നടത്തപ്പെടുന്ന മീറ്റിംഗിൽ എല്ലാ സാമൂഹിക പ്രവർത്തകരും തങ്ങളുടെ പ്രവർത്തനമേഖലയിൽ നടത്തിവരുന്ന പരിപാടികളെ കുറിച്ച് വിവരിക്കുകയും തുടർന്നുള്ള പ്രവർത്തനത്തിന് പിൻതുണയും പ്രോത്സാഹനവും സ്വീകരിക്കുകയും ചെയ്തു വരുന്നു. എം.എസ്.എസ്.എസിന്റെ ഡയറക്ടർ ഫാ. അബ്രഹാം അരിപ്പറമ്പിൽ മീറ്റിംഗുകളിൽ പങ്കെടുത്ത് ആവശ്യമായ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും നൽകുകയും ചെയ്യുന്നു.

### ചൈൽഡ് ഹെൽപ്പ്ലൈൻ–1098

18 വയസ്സിൽ താഴെയുള്ള കുട്ടികളുടെ പൂർണ്ണ സുരക്ഷയും അവരുടെ ക്ഷേമവും ഉറപ്പ് വരുത്തുന്നതിനായി ആഴ്ചയിലെ എല്ലാ ദിവസവും 24 മണിക്കൂറും പ്രവർത്തിക്കുന്നു. കേന്ദ്ര സർക്കാരിന്റെ സഹായത്തോടുകൂടി നടത്തപ്പെടുന്ന ഈ സംരഭത്തിൽ എം.എസ്.എസ്.എസ് ഓഫീസിൽ വരുന്ന നിരവധി ഫോൺ കോളുകൾക്ക് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. ഈ പരിപാടിയുടെ ഭാഗമായി കഴിഞ്ഞ മൂന്ന് മാസങ്ങളിലായി 23 ബാലവിവാഹങ്ങൾ നിർത്തലാക്കി. 11ബാല വേലയുംനിരോധിച്ചു. 24 ശാരീരിക പീഢനമനുഭവിച്ച കുട്ടികളെരക്ഷിച്ചു. ലൈംഗിക പീഢനമനുഭവിച്ച 8 കുട്ടികളെ രക്ഷപ്പെടുത്തി. ഇതോട നുബന്ധിച്ച് 18 പേരെ പുനരധിവസിപ്പിക്കുകയും 16 കുട്ടികൾക്ക് വൈദ്യസഹായം നൽകുകയും ചെയ്തു. സാഗറിലും തീർത്ഥഹള്ളി താലൂക്കിലും ഓപ്പൺഹൗസ് പ്രോഗ്രാമുകളും സ്റ്റാൾ പ്രോഗ്രാമുകളും നടത്തി.

## സ്ത്രീ ശാക്തീകരണ പരിപാടി

ഗ്രാമീണ വനിതകളുടെ ആരോഗ്യപരവും സാമ്പത്തികവുമായ ആവശ്യങ്ങൾ സംരക്ഷിക്കുന്നതിനും സ്ത്രീകൾക്കെതിരായ അക്രമങ്ങൾ തടയുന്നതിനും അവരെ നേതൃത്വ സ്ഥാനത്തേക്ക് എത്തിക്കുക എന്നീ ലക്ഷ്യങ്ങളോടെ ജർമ്മനി കേന്ദ്രമായി പ്രവർത്തിക്കുന്ന MISEREOR എന്ന സ്ഥാപനത്തിന്റെ നേതൃത്വത്തിലും മേൽ നോട്ടത്തിലും കർണാടക റീജിയണൽ ഓർഗനൈസേഷൻ ഫോർ സോഷ്യൽ സർവീസിന്റെ സഹകരണത്തോടും കൂടി പ്രവർത്തിക്കുന്ന പദ്ധതിയാണ് വുമൺ എംപവർമെന്റ് പ്രോഗ്രാം. ഈ പദ്ധതിയുടെ അടിസ്ഥാനത്തിൽ ഷിമോഗ ജില്ല കേന്ദ്രീകരിച്ച് ഷിമോഗാ ഹൊളഹന്നൂർ, ആനവട്ടി, ഉംബ്ലെബൈലു, ഇണ്ടുവള്ളി എന്നിവിടങ്ങളിൽ പ്രവർത്തിച്ചുവരുന്നു. ഈ സ്ഥലങ്ങളിലായി 13 മഹാ സംഘങ്ങളും 215 സ്വസഹായ സംഘങ്ങളും 3256 അംഗങ്ങളും ഉണ്ട്. വ്യക്തിപരവും, ആരോഗ്യപരവും, സാമൂഹികപരവുമായ അനേകം വിഷയങ്ങളെകുറിച്ചും, കുടുംബങ്ങൾക്ക് വേണ്ടിയും സർക്കാർ സംവിധാനങ്ങളെയും വിവിധങ്ങളായ ക്ഷേമ പദ്ധതികളെകുറിച്ചും പരിശീലന ക്ലാസ്സുകൾ നടത്തിവരുന്നു.

## സ്പർശ പ്രോഗ്രാം

കാരിത്താസ് ഇന്ത്യയുടെ സഹായത്തോടെ 2019 മുതൽ ആരംഭിച്ച പദ്ധതിയാണ് സ്പർശ പ്രോഗ്രാം. ക്യാൻസർരോഗം തടയുക എന്ന ഉദ്ദേശത്തോടെ ബോധ വൽക്കരണം നടത്തുകയും രോഗബാധിതരെ കൗൺസിലിംഗും മറ്റുംവഴി ആശ്വസിപ്പിക്കുകയും ചെയ്യുവാനാണ് 18 മാസത്തെ ഈ പദ്ധതി ആരംഭിച്ചിരിക്കുന്നത്. വിവിധ സ്വസഹായ സംഘങ്ങളിലെ അംഗങ്ങൾവഴി ഭദ്രാവതി രൂപതയുടെ വിവിധ ഭാഗങ്ങളിൽ ക്യാൻസർ രോഗം തടയുക എന്ന ലക്ഷ്യത്തോടെ ക്ലാസ്സുകൾ നടത്തി വരുന്നു.

## നവജിവൻ പാലിയേറ്റിവ് കെയർ സെന്റർ

ഭദ്രാവതി രൂപതയുടെ നേതൃത്വത്തിൽ നടത്തിവരുന്ന എം.എസ്. എസ്.എസിന്റെ ഒരു ജീവകാരുണ്യ പ്രവർത്തനകേന്ദ്രമാണ് നവജീവൻ

പാലിയേറ്റീവ് കെയർ സെന്റർ. മൂലക്കട്ടെയിൽ സ്ഥിതിചെയ്യുന്ന ഈ സ്ഥാപനത്തിൽ എച്ച്.ഐ.വി എയ്ഡ്സ് ബാധിതരായിരിക്കുന്നവരെ താമസിപ്പിച്ച് മരുന്നും പോഷകാഹാരങ്ങളും നൽകി ശുശ്രൂഷിക്കുന്നു. കാത്തലിക് ഹെൽത്ത് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ നേതൃത്വത്തി ലും സഹായത്താലും MISEREOR ജർമ്മനിയിൽ നിന്നും സാമ്പത്തി കസഹായവും മറ്റുപരിസരവാസികളുടെയും സൻമനസ്സുകളുടെയും സാമ്പത്തികസഹായവും ചേർത്തുകൊണ്ട് ഡോക്ടറുടെയും നഴ്സിംഗ് സ്റ്റാഫിന്റെയും സാമിപ്യത്തിൽ ആവശ്യമായ പരിചരണവും ശുശ്രൂഷയും നൽകി വരുന്നു.

## സ്ത്രീ സ്വയം തൊഴിൽ പദ്ധതി

സ്വസഹായസംഘങ്ങൾ കേന്ദ്രീകരിച്ച് സത്രീകൾക്ക് സ്വയം തൊഴി ലിലൂടെ സഹായമേകുവാൻ കുറഞ്ഞ പലിശനിരക്കിൽ തവണയായി തിരിച്ചടക്കുന്ന സാമ്പത്തികസഹായം നൽകുകയാണ് ഈ പദ്ധതിവഴി ചെയ്യുന്നത്. KROSS ന്റെ തന്നെ മറ്റൊരു സംരഭമായ SAMRUDI യിൽ നിന്നുമാണ് ഈ സഹായം ലഭിച്ചു വരുന്നത്. എല്ലാ മാസവും വിവിധ സ്ഥലങ്ങളിൽനിന്നും മാസഗഡു സമാഹരിച്ച് തിരിച്ചടവു മുടങ്ങാതെ നടത്തിവരുന്നു.

## ഉപസംഹാരം

എം.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന ഓരോ പദ്ധതികളും അനേകംപേരുടെ ജീവിതങ്ങളെ മെച്ചപ്പെടുത്തുവാൻ സഹായിച്ചിട്ടുണ്ട്. തുടർന്നും ഭദ്രാവതി രൂപതയുടെ സാമൂഹികവും ജീവകാരുണ്യപരവുമായ പ്രവർത്തനങ്ങൾ എം.എസ്.എസ്.എസ് വഴി അനേകരിലേക്കെത്തട്ടെ എന്ന് പ്രത്യാശിക്കാം.

**ഫാ. അബ്രഹാം അരിപ്പറമ്പിൽ**
ഡയറക്ടർ

# BISHOP'S DIARY

## JANUARY 2020

02 : Conferred Priestly Ordination on Rev. Dn. Sebastian Cakinimantharayil, at St. Thomas Church, Manikkadavu

03 : Offered Holy Mass at St. Mary's church, Vazhavara, for the deceased members of the family

04 : Conferred Priestly Ordination on Rev. Dn. Joseph Pottampuzha, at Sacred Heart Church, Ayavana; Offered Holy Eucharist, St. Thomas Forane church, Aranattukara on the occasion of the parish fest

06 : Blessed the marriage of a relative at Akaparampu, Nedumbassery; visited MCBS Generalate

07 : Offered Holy Eucharist at MCBS Generalate chapel

07-0 : Participated in the Retreat of Syro-Malabar Bishops at Mount St. Thomas, Kakkanad

10-15 : Participated in the Synod of Syro-Malabar Bishops at Mount St. Thomas, Kakkanad

13 : Participated in the meeting of the Syro-Malabar Synodal Commission for Catechism

19 Offered Holy Eucharist at St. Joseph Church, Shettikoppa on the occasion of the Silver Jubilee of Rev. Fr. Thomas Kulathumkal

21 : Participated in the Christmas-New Year gathering of the priests of the diocese held at Gokul Farm and Ashram, Anandapura

25 : Presided at the meeting of the Diocesan Pastoral Plan Implementation Committee at Bodhana Pastoral Centre, Bhadravathi

26 : Offered Holy Eucharist at Assumption Church, Bathery on the occasion of the parish feast

28 : Participated in the reception to the new priests of MCBS Zion Province held in MCBS Regional House, Gadikoppa

**FEBRUARY 2020**

01 : Offered Holy Eucharist at St. Joseph's Forane Church, Shimoga, on the occasion of the Parish Feast

02 : Offered Holy Mass at St. Joseph's Church, Perumpadavu, on the occasion of Parish Feast

04 : Participated in the monthly recollection of Ripponpett Forane held at Sacred Heart Church, Hosur, Induvally

08 : Celebrated Holy Mass at St. Peter's Church, Masthikatte on the occasion of the Parish Feast

09 : Officiated at the funeral of Mr. Isacc Arumachadath, father of Rev. Fr. Shaji Arumachadath, at St. Sebastian Forane church, Nellikampoil

10 : Participated in the monthly recollection of N.R. Pura Forane held at Little Flower Cathedral, N. R. Pura

11 : Participated in the monthly recollection of Shimoga Forane held at S. H. Hostel Convent, Shimoga

13-20 : Participated in the CBCI Plenary Meeting, held at St. John's Medical College, Bangalore

21 : Participated in the Annual Function of Mathruvedi held at Good Shepherd church, Ripponpett

22 : Participated in the KSMCA Belthangady Annual Function, held at Ujjire, Belthangady

23 : Offered Holy Eucharist at St. Antony's church, Peratta and gave baptism to a child of the Araickal family

24 : Beginning of Lent, Ash Monday, offered Holy Eucharist with the blessing of the ashes at Infant Jesus church, Bhadravathi

## BISHOP'S PROGRAMME

### MARCH 2020

02-05 : KRCBC Retreat for the Bishops of Karnataka Region at Ecumenical Christian Centre, Whitefield, Bangalore

06 : Annual Function of St. Thomas School, Kompayar

07 : Erattayar

09 : Minor Orders of the MCBS Brothers at Sanathana Major Seminary, Thamarassery

13-14 : Karshaka Seminar, Bodhana Pastoral Centre

19 : Feast of St. Joseph, Holy Mass at Pulloorampara

21 : Meeting of the Diocesan Pastoral Council, Bodhana Pastoral Centre

22 : Pastoral visit

23 : St. Joseph's School, N. R. Pura

25 : MSSS Governing Body Meeting, Shimoga

29 : Pastoral visit

### APRIL 2020

04 : Beginning of the Summer Programme for the seminarians of Bhadravathi

05 : Palm Sunday

07 : Recollection of the Priests, Presbyterium and Chrism Mass, Bodhana Pastoral Centre

09 : Maundy Thursday, Little Flower Cathedral, NR Pura

10 : Good Friday, Infant Jesus Church, Moolakatte, Bhadravathi

12 : Easter, Little Flower Cathedral, NR Pura

13 : Engaged

14 : Declaration of Minor Basilica in Dornahalli; Episcopal ordination of Msgr. Peter Kochuparampil, Palghat

16 : First Holy Communion, St. Thomas Church, Ikkeri, Sagar

18 : Frist Holy Communion, Little Flower Cathedral, N.R. Pura

26 : First Commitment of Sr. Gisel Arumachadath, Moolamattom

28 : Meeting of the Diocesan Pastoral Council, Bodhana Pastoral Centre, Bhadravathi

29 : Diaconate and Minor Orders of candidates from the diocese of Bhadravathi

30 : Nilambur

# ಧರ್ಮಪ್ರಾಂತ್ಯದ ವಾರ್ತೆಗಳು

## ವಂದನೆಗಳು:

ಕಳೆದ ಒಂದು ವರ್ಷಗಳ ಕಾಲಧರ್ಮಪ್ರಾಂತ್ಯದ ಗೋರಿಗಂಡಿ, ಬಾಳೆಹೊನ್ನೂರು, ಎನ್ ಆರ್ ಪುರ ಕಥೆಡ್ರಲ್ ಧರ್ಮಕೇಂದ್ರಗಳಲ್ಲಿ ಸ್ಮರಣೀಯ ಸೇವೆ ಸಲ್ಲಿಸಿ, ಬೇರೆಡೆಗೆ ವರ್ಗವಾಗಿರುವ ರೆ.ಫಾ. ಮನು ಪನಚಿಕ್ಕಲ್ ಗುರುಗಳಿಗೆ ವಂದನೆ ಹಾಗೂ ಹೊಸ ಸ್ಥಳದಲ್ಲಿ ಎಲ್ಲಾ ರೀತಿಯ ಶುಭಾಷಯಗಳನ್ನು ಕೋರುತ್ತಿದ್ದೇವೆ.

## ಸಂತ ಜೋಸೆಫರ ಹಬ್ಬ:

ನಮ್ಮ ಧರ್ಮಪ್ರಾಂತ್ಯದ ಮಧ್ಯಸ್ಥರಾದ ಸಂತ ಜೋಸೆಫರ ಹಬ್ಬದ ದಿನ 2020ರ ಮಾರ್ಚ:19. ನಮ್ಮ ಧರ್ಮಪ್ರಾಂತ್ಯ ಹಾಗೂ ದೇವಜನರೆಲ್ಲರನ್ನೂ ಸಂತರಿಗೆ ಸಮರ್ಪಿಸೋಣ. ಅತಿ ವಂದನೀಯ ಧರ್ಮಾಧ್ಯಕ್ಷರನ್ನೂ, ಅವರ ನಿಯೋಗಗಳಿಗಾಗಿಯೂ ಪ್ರಾರ್ಥಿಸೋಣ.

## ಗುರು ವೃಂದದವರ ಸಮ್ಮೇಳನ ಹಾಗೂ ಸೈತ್ ಆಶೀರ್ವಾದ:

ಧರ್ಮಪ್ರಾಂತ್ಯದ ಗುರುವೃಂದದವರ ಸಮ್ಮೇಳನ 2020ರ ಏಪ್ರಿಲ್ 7 ಗುರುವಾರ ಬೆಳಗ್ಗೆ 10 ಘಂಟೆಗೆ ಬೋಧನಾ ಪಾಸ್ಟರಲ್ ಸೆಂಟರಿನಲ್ಲಿ ಪ್ರಾರಂಭಿಸಲಾಗುವುದು. ನಂತರ ಮಧ್ಯಾಹ್ನ 2–30ಕ್ಕೆ ಸೈತ್ ಆಶೀರ್ವಾದ ಇರುತ್ತದೆ.

## ಆಲೋಚನಾ ಸಮಿತಿ:

ಆಲೋಚನಾ ಸಂಘದ ಮುಂದಿನ ಸಭೆಯು 2020ರ ಫೆಬ್ರವರಿ 24ಕ್ಕೆ ಮಧ್ಯಾಹ್ನ 4 ಗಂಟೆಗೆ ಧರ್ಮಪ್ರಾಂತ್ಯದ ಕಛೇರಿಯಲ್ಲಿ ಸೇರಲಾಗುವುದು.

## ರೈತರ ಸೆಮಿನಾರ್:

ಒಂದು ಧರ್ಮಕೇಂದ್ರದಿಂದ ಇಬ್ಬರು ಕೃಷಿಕರು ಭಾಗವಹಿಸಬಹುದಾದ ಒಂದು ರೈತರ ಸೆಮಿನಾರ್ 2020ರ ಮಾರ್ಚ 13, 14ರ ದಿನಾಂಕಗಳಂದು ಪಾಸ್ಟರಲ್ ಸೆಂಟರಿನಲ್ಲಿ ನಡೆಸಲಾಗುವುದು.

## ಪಾಸ್ಟರಲ್ ಕೌನ್ಸಿಲ್:

ನಾಲ್ಕನೇ ಪಾಸ್ಟರಲ್ ಕೌನ್ಸಿಲ್‌ನ ಅಂತಿಮ ಸಭೆ 2020ರ ಮಾರ್ಚ್ 21ಕ್ಕೆ ಬೆಳಗ್ಗೆ 10 ಘಂಟೆಗೆಪಾಸ್ಟರಲ್ ಸೆಂಟರಿನಲ್ಲಿ ಸೇರಲಾಗುವುದು. ಈ ಸಭೆಯಲ್ಲಿ ಎಲ್ಲಾ ಪಾಸ್ಟರಲ್ ಸದಸ್ಯರುಗಳು ಹಾಜರಿರಲು ಕೋರಿದೆ.

## ವಾರ್ಷಿಕ ಸರ್ವ ಸದಸ್ಯರ ಸಭೆ:

2019–20ರ ವರ್ಷದ ವಾರ್ಷಿಕ ಸರ್ವ–ಸದಸ್ಯರ ಸಭೆಯು 2020ರ ಏಪ್ರಿಲ್ 19 ಅಥವಾ ಅದರ ಹಿಂದಿನ ಭಾನುವಾರ ಸೇರತಕ್ಕದ್ದು. ಸರ್ವ ಸದಸ್ಯರ ಸಭೆಯು ಧರ್ಮಪ್ರಾಂತ್ಯದ ನಿಯಮಾವಲಿ ಪುಟ ಸಂ:139–140ನ್ನು ಪಾಲಿಸತಕ್ಕದ್ದು. ವಾರ್ಷಿಕ ಸರ್ವ–ಸದಸ್ಯರ ಸಭೆಯ ತೀರ್ಮಾನಗಳು, ಹೊಸ ಕಾರ್ಯಕಾರಿ ಸಮಿತಿಯ ಆಯ್ಕೆ, ಆಯವ್ಯಯ ವಿವರಗಳನ್ನು ಧರ್ಮ ಪ್ರಾಂತ್ಯದ ಕಛೇರಿಗೆ ಸಲ್ಲಿಸತಕ್ಕದ್ದು. ಧರ್ಮ ಪ್ರಾಂತ್ಯದಿಂದ ಅನುಮತಿ ದೊರೆತ ನಂತರವೇ ಹೊಸ ಕಾರ್ಯಕಾರಿ ಸಮಿತಿಯವರು ಅಧಿಕಾರ ವಹಿಸಿಕೊಳ್ಳತಕ್ಕದ್ದು.

## ಪ್ರತಿನಿಧಿ (ಪಾರೀಷ್ ಕೌನ್ಸಿಲ್) ಆಯ್ಕೆ:

ವಾರ್ಡ್ ಪ್ರತಿನಿಧಿಗಳ (ವಾರ್ಡ್ ಕಮಿಟಿ) ಕಾಲಾವಧಿಯು 3 ವರ್ಷ ಪೂರ್ಣಗೊಳ್ಳುತ್ತಿದ್ದು, ಹೊಸ ಪ್ರತಿನಿಧಿಗಳನ್ನು (ಪಾರೀಷ್ ಕೌನ್ಸಿಲ್) 2020 ಮಾರ್ಚ್ 29ರೊಳಗೆ ಆಯ್ಕೆ ಮಾಡತಕ್ಕದ್ದು. ಪ್ರತಿ ವಾರ್ಡಿನಿಂದ ಒಬ್ಬರು ಪುರುಷ, ಒಬ್ಬ ಸ್ತ್ರೀ ಹಾಗೂ ಒಬ್ಬ ಯುವಕ/

**ಯುವತಿಯನ್ನು ಆಯ್ಕೆ ಮಾಡತಕ್ಕದ್ದು.**

## ಫೊರೋನ ಕೌನ್ಸಿಲ್/ಪಾಸ್ಟರಲ್ ಕೌನ್ಸಿಲ್ ಪ್ರತಿನಿಧಿಗಳ ಆಯ್ಕೆ:

ವಂದನೀಯ ಫೊರೋನ ವಿಗಾರ್ ಗುರುಗಳ ನೇತೃತ್ವದಲ್ಲಿ ಆಯಾಯ ಫೊರೋನ ಪ್ರತಿನಿಧಿಗಳನ್ನು ಆಯ್ಕೆ ಮಾಡಿ ಫೊರೋನ ಕೌನ್ಸಿಲ್ ರಚಿಸಿ, ಆ ಯೋಗದಲ್ಲಿ ಧರ್ಮಪ್ರಾಂತ್ಯದ

ಪಾಸ್ಟರಲ್ ಕೌನ್ಸಿಲ್ ಸದಸ್ಯರನ್ನು ಆಯ್ಕೆ ಮಾಡಿ, ಅವರ ಹೆಸರುಗಳನ್ನು 2020 ಏಪ್ರಿಲ್ 21ಕ್ಕೆ ಒಳಗಾಗಿ ಧರ್ಮಪ್ರಾಂತ್ಯದ ಕಛೇರಿಯಲ್ಲಿ ಸಲ್ಲಿಸತಕ್ಕದ್ದು. 2020 ಏಪ್ರಿಲ್

28ಕ್ಕೆ ಬೆಳಗ್ಗೆ 10 ಘಂಟೆಗೆ ಬೋಧನಾ ಪಾಸ್ಟರಲ್ ಸೆಂಟರಿನಲ್ಲಿ 5ನೇ ಪಾಸ್ಟೆಲ್ ಕೌನ್ಸಿಲ್‌ನ ಮೊದಲನೇ ಸಭೆ ಸೇರಲಾಗುವುದು.

## ಲೆಕ್ಕ ಪರಿಶೋಧನೆ:

2019–20ರ ಆರ್ಥಿಕ ವರ್ಷದ ಲೆಕ್ಕ ಪರಿಶೋಧನೆ ಏಪ್ರಿಲ್ 22, 23, 24 ದಿನಾಂಕಗಳಂದು ಎನ್.ಆರ್. ಪುರ, ಸಾಗರ, ಶಿವಮೊಗ್ಗದ ದೇವಾಲಯಗಳಲ್ಲಿ ನಡೆಸಲಾಗುವುದು. ಕೆಳಗಿನ ದಾಖಲೆಗಳೊಂದಿಗೆ ನಿಗದಿತ ದಿನಾಂಕ ಹಾಗೂ ಸಮಯಕ್ಕೆ ಮುಖ್ಯ ಗುರುಗಳು ದೇವಾಲಯದ ಸೆಕ್ರೆಟರಿಯೊಂದಿಗೆ ಲೆಕ್ಕ ಪರಿಶೋಧನೆಗೆ ಹಾಜರಾಗತಕ್ಕದ್ದು.

1. The Minutes of the Pothuyogam (original and copy), the Annual Statement of Account of 2019- 2020 (book and sheet) and budget for 2020 -2021 (original and copy).
2. Journal and Ledger with Bills and Vouchers
3. Accounts of the Institutions (if any)
4. Accounts of the Diocesan Farms
5. Updated Bank Passbooks and Check Books
6. FD Receipts (if any)

**22-04-2020: N.R.Pura, Little Flower Cathedral Church**

| | | |
|---|---|---|
| 09.30 am | : | N.R.Pura |
| 10.30 " | : | Sangameswarapet |
| 11.00 " | : | Balehonnur |
| 11.30 " | : | Chettikudige |
| 12.00 noon | : | Varkatta |
| 02.00 pm | : | Makkode |
| 02.30 " | : | Koppa |
| 03.00 " | : | Muthinakoppa & Mallanthoor |
| 03.30 " | : | Shettikoppa |

**23.04.2020: Sagar, St. Thomas Church**

| | | |
|---|---|---|
| 09.30 am | : | Sagar, Joga & Kargal |
| 10.30 " | : | Ripponpett |
| 11.00 " | : | Nagavally |
| 11.30 " | : | Iduvally |
| 12.00 noon | : | Hosur (Induvally) |
| 02. 00 pm | : | Anavatty |
| 02.30 " | : | Anandapuram |

**24.04.2020: Shimoga, St. Joseph's Forane Church**

| | | |
|---|---|---|
| 09.30 am | : | Bhadravathi |
| 10.00 " | : | Davangere |
| 10.30 " | : | Holehonnur |
| 11.00 " | : | Masthikatte |
| 11.30 " | : | Umblebylu |
| 12.00 noon | : | Shimoga |

**ವಸೂಲಿಗಳು:**

| | |
|---|---|
| ಕಾರಿಥಾಸ್ ಇಂಡಿಯಾ: | 2020 ಏಪ್ರಿಲ್ 5 ಭಾನುವಾರ |
| ಪವಿತ್ರ ಸ್ಥಳ ಸಂರಕ್ಷಣೆ: | (ಶುಭ ಶುಕ್ರವಾರ) 2020 ಏಪ್ರಿಲ್ 12 ಶುಕ್ರವಾರ |
| ಜೀವಕಾರುಣ್ಯ ನಿಧಿ: | 2020 ಏಪ್ರಿಲ್ 12 ಭಾನುವಾರ |

**ರೆ.ಫಾ. ಫ್ರಾನ್ಸಿಸ್ ಅಬ್ಬುಂಪುರಂ**

ವಿಗಾರ್ ಜನರಾಳ್